08
2022
ജനുവരി
ശനി
ധനു 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ്
കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-3, Issue No. 218 Page 4, Price: Rs. 2 പുസ്തകം-3 ലക്കം-218 പേജ് 4. വില 2.00 രൂപ




02 പട്ടം എസ് യു ടി ആശുപത്രിയിൽ 'പാരാമെഡിക്കൽ കോഴ്സുകൾ' ആരംഭിച്ചു

03 കൊച്ചി മെട്രോ: പുതിയ സോളാർ പ്ലാന്റ് ഉദ്ഘാടനം ചെയ്തു

04 കെ റെയിൽ: കല്ല് പറിക്കും മുമ്പ് സ്വന്തം പല്ല് സൂക്ഷിക്കണമെന്ന് എം.വി. ജയരാജൻ

## മത്സ്യത്തൊഴിലാളി അപകട ഗ്രൂപ്പ് ഇൻഷുറൻസ്

# അദാലത്തും ആനുകൂല്യ വിതരണവും ജനുവരി 15ന്

തിരുവനന്തപുരം : തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ അർഹരായവർക്ക് സമയബന്ധിതമായി ആനുകൂല്യം ലഭിക്കുവാൻ മത്സ്യത്തൊഴിലാളി അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി അദാലത്തും ആനുകൂല്യ വിതരണവും ജനുവരി 15ന് നടക്കുമെന്ന് ഫിഷറീസ് മന്ത്രി സജി ചെറിയാൻ അറിയിച്ചു.

കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന പൂർണ്ണമായും സർക്കാർ ധനസഹായത്താൽ മത്സ്യത്തൊഴിലാളികൾക്കും അനുബന്ധത്തൊഴിലാളികൾക്കുമായി നടപ്പാക്കുന്ന ഇൻഷുറൻസ് പദ്ധതിയാണ് 'അപകട ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി'. അപകടമരണങ്ങൾക്കും പൂർണ അവശതയ്ക്കും 10 ലക്ഷം രൂപയാണ് ധനസഹായം.




പൊതുമേഖല ഇൻഷുറൻസ് കമ്പനികൾ മുഖേനയാണ് പദ്ധതി നടപ്പാക്കി വരുന്നത്. വിവിധങ്ങളായ കാരണങ്ങളാൽ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാവുന്നത് ശ്രദ്ധയിൽപ്പെട്ടതിനാലാണ് തൃശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലെ അർഹരായവർക്ക് സമയബന്ധിതമായി ആനുകൂല്യം ലഭിക്കുവാൻ കഴിയുന്ന തരത്തിൽ ഇൻഷുറൻസ് കമ്പനികളുമായി അദാലത്ത് നടത്തുവാൻ നിശ്ചയിച്ചതെന്നും മന്ത്രി പറഞ്ഞു.

2022 ജനുവരി 15 ശനിയാഴ്ച രാവിലെ 10 മണി മുതൽ കോഴിക്കോട് വരക്കൽ ബീച്ചിനു സമീപമുള്ള സമുദ്ര കമ്യൂണിറ്റി ഹാളിൽ വച്ചു നടക്കുന്ന വടക്കൻ മേഖലാ അദാലത്ത് മന്ത്രി സജി ചെറിയാൻ ഉദ്ഘാടനം ചെയ്യും.

തോട്ടത്തിൽ രവീന്ദ്രൻ എംഎൽഎ അധ്യക്ഷത വഹിക്കും. അർഹരായ എല്ലാ മത്സ്യത്തൊഴിലാളികളും ഈ അവസരം വിനിയോഗിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.

തെക്കൻ ജില്ലകളിലെ അർഹരായവർക്ക് വേണ്ടി തിരുവനന്തപുരത്ത് വച്ചു ഡിസംബർ 28 ന് നടത്തിയ ഒന്നാം ഘട്ട അദാലത്തിൽ പരിഗണനയ്ക്ക് വന്ന 145 അപേക്ഷകളിൽ 89 എണ്ണവും തീർപ്പാക്കിയിരുന്നു. ബാക്കിയുള്ളവ ഉദ്യോഗസ്ഥ തല അദാലത്തുകളിൽ തീർപ്പാക്കുവാൻ നിർദ്ദേശം നൽകി. 8.50 കോടി രൂപയുടെ ആനുകൂല്യങ്ങളാണ് അന്ന് അനുവദിച്ചത്.

## കെറെയിൽ: സംസ്ഥാന സർക്കാരിന് ഭൂമി ഏറ്റെടുക്കാം; അനുമതി വേണ്ടെന്ന് റെയിൽവേ ഹൈക്കോടതിയിൽ

കൊച്ചി : സിൽവർ ലൈൻ പദ്ധതിയിൽ റെയിൽവേയും കേന്ദ്ര സർക്കാരും കെറെയിലിനൊപ്പം. ഭൂമി ഏറ്റെടുക്കുന്നതിനും സാമൂഹിക ആഘാത പഠനം നടത്തുന്നതിനും റെയിൽവേയുടെ അനുമതി വേണ്ടന്നും റെയിൽവേ ഹൈക്കോടതിയെ അറിയിച്ചു.

ഭൂമി ഏറ്റെടുക്കൽ നിർത്തിവയ്ക്കാൻ നിർദേശിക്കണം എന്നാവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് റെയിൽവേ നിലപാട് വ്യക്തമാക്കിയത്. പദ്ധതിക്ക് തത്വത്തിൽ അനുമതി ഉണ്ടന്നും കെറെയിൽ റെയിൽവേയും സംസ്ഥാനവും ചേർന്നുള്ള സംയുക്ത സംരംഭമാണന്നും റെയിൽവേ വ്യക്തമാക്കി.

സിൽവർ ലൈൻ കേന്ദ്ര പദ്ധതിയാണന്നും ഭൂമി ഏറ്റെടുക്കൽ വിജ്ഞാപനം ഇറക്കാൻ സംസ്ഥാനത്തിന് അധികാരമില്ലന്നും ചൂണ്ടിക്കാട്ടി കോട്ടയം ജില്ലക്കാരായ ഏഴ് ഭൂഉടമകൾ സമർപ്പിച്ച ഹർജികളാണ് ജസ്റ്റിസ് എൻ നഗരേഷ് പരിഗണിച്ചത്.കേസ് കോടതി വിധി പറയാനായി മാറ്റി.

## ഉൾക്കടൽ മത്സ്യബന്ധനത്തിന് അനുമതി ഉടൻ

കൊച്ചി: ഉൾക്കടൽ മത്സ്യബന്ധനത്തിനു ഉടൻ അനുമതി നൽകുമെന്നു മന്ത്രി സജി ചെറിയാൻ. ഇതിനായി തെരഞ്ഞെടുത്ത മത്സ്യത്തൊഴിലാളികൾക്ക് സർക്കാർ തന്നെ പരിശീലനം നൽകും.

കുഫോസിൽ ഫിഷറീസ് രംഗത്തും അക്വാകൾച്ചർ കൃഷി രീതികളിലും വരുത്തേണ്ട കാലാനുസൃത മാറ്റങ്ങളെ കുറിച്ച് ചർച്ച ചെയ്യാനായി സംഘടിപ്പിച്ച ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

## സുരക്ഷാ വീഴ്ച: കേന്ദ്രസംഘം പഞ്ചാബിലെത്തി, പോലീസ് മേധാവിയെ വിളിച്ചുവരുത്തി

ന്യൂഡൽഹി: പ്രധാനമന്ത്രിയുടെ സുരക്ഷാ ക്രമീകരണത്തിലുണ്ടായ വീഴ്ചയെക്കുറിച്ച് അന്വേഷിക്കാൻ നിയോഗിച്ച സമിതി സംഭവസ്ഥലം സന്ദർശിച്ചു. ഭട്ടിൻ ഡയിൽ മോദിയുടെ വാഹനവ്യൂഹം നിർത്തിയിട്ട മേൽപ്പാലത്തിൽ മൂന്നംഗ സംഘം പരിശോധന നടത്തി.

സമിതി തലവൻ കാബിനറ്റ് സെക്രട്ടേറിയറ്റ് സെക്രട്ടറി(സുരക്ഷ) സുധീർകുമാർ സക്സേന, അംഗങ്ങളായ ബൽബീർ സിംഗ്(ഇൻറലിജൻസ് ബ്യൂറോ ജോയിൻറ് ഡയറക്ടർ ), എസ്. സുരേഷ് (സ്പെഷൽ പ്രൊട്ടക്ഷൻ ഗ്രൂപ്പ് ഐജി) എന്നിവരാണ് പരിശോധനയ്ക്ക് എത്തിയത്. ഇവർ 45 മിനിറ്റോളം പ്രദേശത്ത് പരിശോധന നടത്തി.

തുടർ അന്വേഷണങ്ങൾക്കായി സംഘം ബിഎസ്എഫിൻറെ സെക്ടർ ഹെഡ് ക്വാർട്ടേഴ്സിലേക്കുപോയി. പഞ്ചാബ് പോലീസ് മേധാവി സിദ്ധാർഥ് ചഥോപാധ്യ,



പ്രധാനമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് സുരക്ഷയ്ക്കു വിന്യസിച്ച മുതിർന്ന പോലീസ്, സിവിൽ ഉദ്യോഗസ്ഥർ എന്നിവരെ ചോദ്യം ചെയ്യാൻ വിളിച്ചിട്ടുണ്ട്.

കേന്ദ്രസർക്കാരിൻറെ അന്വേഷണത്തിന് സമാന്തരമായി സംസ്ഥാന സർക്കാരിൻറെ അന്വേഷണവും നടക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കാനാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി ബുധനാഴ്ച പഞ്ചാബിൽ എത്തിയത്. കർഷക പ്രതിഷേധം മൂലം പ്രധാനമന്ത്രി മേൽപ്പാലത്തിൽ 20 മിനിറ്റോളം കുടുങ്ങി.

ഭട്ടിൻഡ ഹുസൈനിവാലയിലേക്കുള്ള വഴിയിലാണ് പ്രതിഷേധക്കാർ പ്രധാനമന്ത്രിയുടെ വാഹനവ്യൂഹം തടഞ്ഞിട്ടത്. തുടർന്ന് ഫിറോസ്പുരിൽ നടത്താനിരുന്ന ബിജെപി യുടെ റാലി റദ്ദാക്കി. സംഭവം വലിയ സുരക്ഷാ വീഴ്ചയായാണ് കേന്ദ്രം കാണുന്നത്. എന്നാൽ സുരക്ഷാ വീഴ്ചയുണ്ടായിട്ടില്ലെന്നാണ് പഞ്ചാബിൻറെ വാദം.

## ആശുപത്രികളിലെ സുരക്ഷാ ക്രമീകരണങ്ങളിൽ കാലോചിത പരിഷ്കാരം നടപ്പാക്കും: ആരോഗ്യമന്ത്രി

കോട്ടയം: മെഡിക്കൽ കോളജ് ആശുപത്രികളിലെ സുരക്ഷാ ക്രമീകരണത്തിൽ കാലോചിതമായ പരിഷ്കാരം നടപ്പാക്കുമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. കോട്ടയം മെഡിക്കൽ കോളജിൽ സന്ദർശനം നടത്തിയ ശേഷം മാധ്യമങ്ങളുമായി സംസാരിക്കുകയായിരുന്നു അവർ.

ആശുപത്രികളിലെ സുരക്ഷാ ക്രമീകരണം സംബന്ധിച്ച് അഡീഷണൽ ചീഫ് സെക്രട്ടറി പരിശോധിച്ച് റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. മെഡിക്കൽ കോളജുകളിൽ സുരക്ഷാ ഓഡിറ്റ് നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. നിലവിലെ സാഹചര്യം വിലയിരുത്തുന്നതിനാണ് ഓഡിറ്റ് നടത്തുന്നത്.

ആശുപത്രി ജീവനക്കാർ കൃത്യമായും ഐഡി കാർഡ് ധരിക്കണമെന്ന് നിർദേശിച്ചിട്ടുണ്ട്.

# സ്ഥലനാമ ഗവേഷണം




ഇതേ തലക്കെട്ടിൽ പി.എസ് അഥവാ പാറപ്പുറത്ത് സഞ്ജയൻ അഥവാ എം.ആർ.നായർ അഥവാ മൂർക്കോത്ത് മാണിക്കോത്ത് രാമുണ്ണിനായർ എന്ന മഹാവിദ്വാൻ ഒരു ലേഖനം എഴുതിയിട്ടുണ്ട്.ആ തലക്കെട്ടു കടമെടുത്തതിന്റെ പേരിൽ എന്നെ കള്ളനായി ചിത്രീകരിക്കരുത്.' വെറുമൊരു മോഷ്ടാവായൊരെന്നെ കള്ളനെന്നു വിളിക്കല്ലേ'ഞാൻ വെറുമൊരു കാൽക്കള്ളൻ.മൂന്നരപ്പതിറ്റാണ്ടു മാധ്യമപ്രവർത്തനം നടത്തിയിട്ടും അരക്കള്ളനായിപ്പോലും ഗ്രാജ്വേറ്റ് ചെയ്യാൻ പറ്റിയിട്ടില്ല.പിന്നെയല്ലേ മുഴുക്കള്ളൻ.. കുഞ്ചൻനമ്പ്യാരിൽ നിന്ന് ചില്ലറ മോഷണം നടത്തിക്കാണും.അതിനു കോപ്പിറൈറ്റ് ലംഘനം ഉണ്ടെന്നു തോന്നുന്നില്ല.ഉണ്ടെങ്കിൽ തന്നെ കലക്കത്തു തറവാട്ടിലെ പിൻമുറക്കാർ എനിക്ക് ഉദ്ദേശ്യശുദ്ധിയാൽ മാപ്പു നൽകുമെന്നാണ് എന്റെ പ്രതീക്ഷ.സഞ്ജയന്റെ സ്ഥലനാമ ഗവേഷണം തുടങ്ങുന്നതു സ്വന്തം അംശവും ദേശവുമായ ചങ്ങലംപരണ്ടയിൽ നിന്നാണ്.അതു വിടർന്നു പൂത്തു പന്തലിക്കുന്നതു മേലോട്ടുതാഴത്തും ചൊക്ലിയിലും എത്തുമ്പോഴാണ്.ചൊക്ലിയുടെ പദനിഷ്പണി അന്വേഷിച്ചു പോയ അദ്ദേഹത്തിന് ദിക്കും ദിശയും തെറ്റി. അദ്ദേഹത്തിനു നേർവഴി കാട്ടിക്കൊടുത്തതു മാവിലാക്കാവു ഭഗവതിയാണ്.അതിന്റെ ഉപകാരസ്മരണയാണ് 'ഞാനൊരു മാവിലായിക്കാരനാണ്' എന്ന സഞ്ജയൻ ശൈലീപ്രയോഗം.

എന്നിട്ടും ചൊക്ലിയുടെ ജാതകം തിരിഞ്ഞില്ല. 'താനേ തിരിഞ്ഞും മറിഞ്ഞും തൻ താമരമെത്തയിൽ ഉരുണ്ടും/ ഉറക്കം വരാതെ മാനത്തു' നോക്കിയപ്പോഴാണു സഞ്ജയന്റെ മേശപ്പുറത്തിരുന്ന ചടാസ് ടൈംപീസിന്റെ സെക്കന്റ് സൂചി ശബ്ദിക്കുന്നത് അദ്ദേഹം കേട്ടത്.അതിന്റെ സംഗീതവും ഭാവവും സംഗതിയുമെല്ലാം വായിച്ചെടുത്തത്.അപ്പോൾ ചൊക്ലിയുടെ ഉൽപത്തിയും നിഷ്പത്തിയും ഗോളം തിരിഞ്ഞു.ആ സംഗീതം പൊഴിക്കുന്നത് ' ചൊക്ലി,ചൊക്ലി,ചൊക്ലി എന്നായിരുന്നത്രേ.അതോടെ ഗവേഷണം പൂർത്തിയായി.

ഞാനും എന്റേതായ ചില സ്ഥലനാമഗവേഷണം നടത്തുന്നുണ്ട്..അതിനു കാരണം ഞാൻ തിരുവനന്തപുരത്തു സ്ഥലം വാങ്ങിയതാണ്.ഞാൻ വാങ്ങിയെന്നു പറഞ്ഞാൽ സത്യമാവില്ല സുഹൃത്തുക്കളായ രാധാകൃഷ്ണനും വേണുവും കൂടി വാങ്ങിത്തന്നതാണ്.വീടു വെച്ചു നൽകിയതും അവർ തന്നെ.ആ സ്ഥലത്തിന്റെ പേർ വേടൻവിള എന്നായിരുന്നു.എന്റെ ആഗ്രഹം എന്റെ ബൈലൈൻ 'സോമനാഥ് വേടൻ ' എന്നു പരിഷ്കരിക്കണമെന്നായിരുന്നു.പിന്നിൽ ഒരു ജാതിവാൽ ചേർക്കുന്നതാണല്ലോ ഇപ്പോഴത്തെ നാട്ടു നടപ്പ്.എഴുത്തച്ഛനും നായരും മേനോനും തച്ചനും പെരുന്തച്ചനുമെല്ലാം കാശിനു പതിനാറ്.അതിനിടയിൽ ഒരു സോമനാഥ് വേടൻ വന്നാൽ വായനക്കാർ ഓർത്തിരിക്കും.

ഒരു പേരിലെന്തു കാര്യമെന്നു നിങ്ങൾക്കു സ്വാഭാവികമായും സംശയം തോന്നാം.എന്നാൽ പത്രക്കാർക്ക് അക്കാര്യത്തിൽ നല്ല ബോധ്യമുണ്ട്.എന്റെ സഹപ്രവർത്തകനായിരുന്ന ഒരു എ.സി.പിള്ളയുണ്ട്.എ.സി പിള്ള യെന്നതിന്റെ പൂർണ്ണരൂപം അരുണാചലം ചൊക്കലിംഗം പിള്ള എന്നായിരിക്കുമെന്ന് മറ്റൊരു സഹപ്രവർത്തകൻ പറഞ്ഞു.എന്നാലത് അയ്യാപിള്ള ചുടലമാടൻ പിള്ളയെന്നാണന്ന് പിന്നീടറിഞ്ഞു.ആ പേരിലാണ് അദ്ദേഹത്തിന്റെ ബൈലൈൻ വന്നിരുന്നതെങ്കിൽ അതു വായനക്കാരുടെ ചുണ്ടുകളിൽ എക്കാലവും തത്തിക്കളിക്കുമായിരുന്നു.ഇപ്പോൾ എ.സി പിള്ള യെന്നു പറഞ്ഞാൽ വായനക്കാർ ചോദിക്കും ഏതു പിള്ള.. എന്തു പിള്ള എന്ന്.

ഏതായാലും ഞാൻ വീടു വച്ചപ്പോഴേയ്ക്കും ആ സ്ഥലത്തിന്റെ പേരു പ്രകാശ് നഗർ എന്നായി.ഫുൾ ടൈം റിയൽ എസ്റ്റേറ്റ് ഏജന്റെയും പാർട് ടൈം സർക്കാർ എൻജിനീയറുമായ ഒരാളാണ് അതിന്റെ കാരണക്കാരൻ.മാന്യൻമാർ താമസിക്കുന്ന സ്ഥലത്തിന് വേടൻവിള എന്നു പേരിടാമോ സംശയം ജാത്യാലുള്ളതായതുകൊണ്ടു തൂത്താലും തുടച്ചാലും പോകില്ല.അദ്ദേഹം സ്ഥലത്തിന്റെ പേര് പ്രകാശ് നഗർ എന്നാക്കി.ഒറ്റയടിക്കു രണ്ടു പക്ഷി.ഞങ്ങൾ കുറച്ചു പേരുടെ മാനം കാത്തു. സ്വന്തം മകൻ പ്രകാശിന് ചരിത്രത്തിൽ ഇടം നേടിക്കൊടുത്തു.ഏതായാലും എന്റെ സ്വപ്നം വീണുടഞ്ഞു.

എങ്കിലും ഞാൻ സ്ഥലനാമഗവേഷണം തുടർന്നു ചാണോക്കുണ്ടു വിമലഗിരയാകുന്നതും തവളക്കുഴി താബോർമലയാകുന്നതും ഊളൻകുഴി പള്ളിമുക്കാവുന്നതും ഞാൻ കണ്ടിട്ടുണ്ട് .പട്ടിമറ്റത്തെ രത്നഗിരിയാക്കിയതും മാന്തുകയെ മാന്തളിരാക്കിയതും കണ്ടു.മുണ്ടകപ്പാടങ്ങളുടെ മാറു പിളർന്ന ജവാഹർനഗറുകൾ ഉയർന്നുവന്നതിനു സാക്ഷ്യം വഹിച്ചു.തിരുവനന്തപുരത്തെ മരിച്ചീനിവിള മറ്റൊരു ജവാഹർ നഗറായതും കറ്റച്ചക്കോണം കേശവദാസപുരമായതും തിരുവനന്തപുരത്തുകാരിൽ നിന്നും കേട്ടറിഞ്ഞു.അതോടെ വേടൻവിള,പ്രകാശ് നഗർ ആയതിലുള്ള സങ്കടം തീർന്നു.പൂർണ്ണമായി തീർന്നുവെന്നു പറയാനാവില്ല.




എറ്റവും വലിയ തമാശയായി തോന്നിയതു കാസർഗോഡുജില്ലയിലെ മൈരേ എന്ന വില്ലേജിന്റെ പേരു ഗാന്ധിനഗറെന്നും പിന്നെ ക്ഷേണി എന്നുമാക്കിയതാണ്.മൈരേ എന്നു പറഞ്ഞാൽ കന്നഡയിൽ മയിൽ.ക്ഷേണിയെന്നാൽ കന്നഡയിൽ കുന്നും മലയുമായ പ്രദേശം.കൊങ്കണിയിൽ ചാണകവരളി.അതിലും എത്രയോ മനോഹരമാണ് ഷേണി..കീഴ്വായപൂരിന്റെ പേരുമാറ്റാൻ നാട്ടുകാർ പ്രക്ഷോഭം തുടങ്ങാത്തതു ഭാഗ്യം.ഇഗ്ലീഷിൽ എഴുതുമ്പോൾ സ്ഥലം പരിചയമില്ലാത്തവർ അതു മലയാളത്തിലാക്കിയാൽ എന്തെല്ലാം കോലാഹലമുണ്ടാകാം.





പട്ടം എസ് യു ടി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ 'എസ് യു ടി ഇൻസ്റ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് (SIPS)' പ്രവർത്തനം ആശുപത്രി ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി ഉദ്ഘാടന കർമ്മം നിർവ്വഹിക്കുന്നു

# പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ വിപണനം നടത്താൻ ഇകോമേഴ്സ് സംവിധാനം ലഭ്യമാക്കും: മന്ത്രി പി.രാജീവ്

കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കുന്നതിനായി സാങ്കേതികവിദ്യയെ പൂർണ്ണമായും ഉപയോഗിക്കുമെന്നും വ്യവസായ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളുടെ ഉത്പന്നങ്ങൾ വിപണനം ചെയ്യുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടെ സഹായത്തോടെ ഇകോമേഴ്സ് സംവിധാനം നടപ്പാക്കുമെന്നും വ്യവസായ മന്ത്രി പി.രാജീവ് പറഞ്ഞു.

വ്യവസായ വകുപ്പിന് കീഴിലുള്ള മുഴുവൻ പദ്ധതികളെയും പ്രവർത്തനങ്ങളെയും നിരീക്ഷിക്കുവാനുള്ള കേന്ദ്രീകൃത ഓൺലൈൻ മോണിറ്ററിംഗ് സംവിധാനത്തിന്റെ ഉദ്ഘാടനം ഹോട്ടൽ റസിഡൻസി ടവറിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

വകുപ്പിനു കീഴിലുള്ള ഒരോ പദ്ധതിയുടെയും ഘടകങ്ങൾ വിശദമായി നിരീക്ഷിച്ച് നിർവഹണ പുരോഗതി യഥാസമയം വിലയിരുത്താനും വകുപ്പിന്റെ കാര്യക്ഷമതയും സുതാര്യതയും വർദ്ധിപ്പിക്കുവാനും കേന്ദ്രീകൃത ഓൺലൈൻ സംവിധാനത്തിലൂടെ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയാണ് ഓൺലൈൻ സംവിധാനം വികസിപ്പിച്ചത്.

വൻകിട വ്യവസായ പദ്ധതികൾ തുടങ്ങാൻ നിക്ഷേപകരെ സഹായിക്കുന്ന കേരളത്തിലെ ഏകജാലക സംവിധാനം രാജ്യത്തെ തന്നെ മികച്ച സംവിധാനങ്ങളിൽ ഒന്നാണെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് വ്യക്തമാക്കിയിട്ടുണ്ട്. 50 കോടിക്ക് താഴെയുള്ള നിക്ഷേപങ്ങൾക്കും 50 കോടിക്കു മുകളിലുള്ളവയ്ക്കും നൂറു കോടിക്ക് മുകളിൽ ഉള്ള വ്യവസായങ്ങൾക്കും യാതൊരുവിധ കാലവിളംബവും കൂടാതെ കെ സ്വിഫ്റ്റ് ഏകജാലക സംവിധാനത്തിലൂടെ തുടങ്ങുവാൻ ഉള്ള സാഹചര്യം കേരളത്തിൽ നിലവിലുണ്ട്. അനുമതി വൈകിപ്പിക്കുകയാണെങ്കിൽ ഉദ്യോഗസ്ഥരിൽ നിന്ന് പതിനായിരം രൂപവരെ പിഴ ഈടാക്കാനുള്ള നിയമാനുസൃതമായ സംവിധാനവും നിലവിൽ വന്നു കഴിഞ്ഞുവെന്ന് മന്ത്രി പറഞ്ഞു.

ഏകീകൃത ഓൺലൈൻ സംവിധാനത്തിലൂടെ വകുപ്പിന്റെ സുതാര്യത വർധിപ്പിക്കുന്നതിന്റെ ഭാഗമായി പൊതുജനങ്ങൾക്കും വിവരങ്ങൾ ലഭ്യമാക്കുമെന്നും മന്ത്രി അറിയിച്ചു. കേരളത്തിലെ വ്യവസായ സൗഹൃദ അന്തരീക്ഷം വളരെയേറെ മെച്ചപ്പെട്ടിട്ടുണ്ടെന്ന് ഈസ് ഓഫ് ഡൂയിങ് ബിസിനസ് സൂചികയും മറ്റു സൂചികകളും വ്യക്തമാക്കുന്നതായി മന്ത്രി പറഞ്ഞു.

കെ.എസ്.ഐ.ഡി.സി മാനേജിംഗ് ഡയറക്ടർ എം.ജി. രാജമാണിക്യം, വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറും കെബിപ്പ് എക്സിക്യൂട്ടീവ് ഡയറക്ടറുമായ എസ്. ഹരികിഷോർ, കയർ വികസന ഡയറക്ടർ വി.ആർ വിനോദ്, ഡിജിറ്റൽ സർവ്വകലാശാല വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്, കിൻഫ്ര മാനേജിംഗ് ഡയറക്ടർ സന്തോഷ് കോശി തോമസ്, റിയാബ് മെമ്പർ സെക്രട്ടറി കെ. പദ്മകുമാർ എന്നിവർ പങ്കെടുത്തു.

# പട്ടം എസ് യു ടി ആശുപത്രിയിൽ 'പാരാമെഡിക്കൽ കോഴ്സുകൾ' ആരംഭിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയുടെ ആഭിമുഖ്യത്തിൽ 'എസ് യു ടി ഇൻസ്റ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസ് (SIPS)' പ്രവർത്തനം ആരംഭിച്ചു. ഹോസ്പിറ്റൽ കോൺഫറൻസ് ഹാളിൽ വച്ചു നടന്ന ലളിതമായ ചടങ്ങിൽ ആശുപത്രി ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി SIPS ന്റെ ഉദ്ഘാടന കർമ്മം നിർവ്വഹിച്ചു. ആറു കോഴ്സുകളിലായി 25 വിദ്യാർത്ഥികൾക്കാണ് ഈ വർഷം പ്രവേശനം നൽകിയിട്ടുള്ളത്. മികച്ച രീതിയിലുള്ള പരിശീലനത്തിലൂടെ കുട്ടികൾ തിരഞ്ഞെടുത്ത മേഖലയിൽ അവരെ പ്രഗൽഭരാക്കി 'സമൂഹത്തിന് തിരികെ നൽകുക' (Paying Back to the Society) എന്ന സന്ദേശം പങ്കുവെച്ചു കൊണ്ടാണ് അദ്ദേഹം കുട്ടികളെ സ്വാഗതം ചെയ്തത്. ഈ കോഴ്സുകൾ ഭാരത് സേവക് സമാജ് (ബിഎസ്എസ്) ന്റെ പാഠ്യപദ്ധതി പ്രകാരമാണ് ക്രമീകരിച്ചിട്ടുള്ളത്.

# റാങ്ക് ലിസ്റ്റ് റദ്ദു ചെയ്തു

ജില്ലയിലെ വിവിധ വകുപ്പുകളിൽ ഡ്രൈവർ ഗ്രേഡ് ടു (എൽ.ഡി.വി) തസ്തികയുടെ (കാറ്റഗറി നമ്പർ 473/13) റാങ്ക് പട്ടിക കാലാവധി പൂർത്തിയായതിനെ തുടർന്ന് റദ്ദ് ചെയ്തതായി പി.എസ്. സി ജില്ലാ ഓഫീസർ അറിയിച്ചു.

# 25 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചു: മന്ത്രി വീണാ ജോർജ്

സംസ്ഥാനത്ത് 25 പേർക്ക് കൂടി ഒമിക്രോൺ സ്ഥിരീകരിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അറിയിച്ചു. മലപ്പുറം ജില്ലയിൽ നിന്നുള്ള 19 പേർക്കും ആലപ്പുഴ, തൃശൂർ ജില്ലകളിലെ മൂന്ന് പേർക്ക് വീതവുമാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. അതിൽ 23 പേരും ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും വന്നതാണ്. രണ്ട് പേർക്ക് സമ്പർക്കത്തിലൂടെ ഒമിക്രോൺ ബാധിച്ചു. മലപ്പുറം ജില്ലയിലുള്ള 42 വയസുകാരിക്കും തൃശൂർ ജില്ലയിലുള്ള 10 വയസുകാരിക്കുമാണ് സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

മലപ്പുറത്ത് 14 പേർ യുഎഇയിൽ നിന്നും 4 പേർ ഖത്തറിൽ നിന്നും, ആലപ്പുഴയിൽ 2 പേർ യുഎഇയിൽ നിന്നും ഒരാൾ സൗദി അറേബ്യയിൽ നിന്നും, തൃശൂരിൽ ഒരാൾ ഖത്തറിൽ നിന്നും ഒരാൾ യുഎസ്എയിൽ നിന്നും വന്നതാണ്.

ഇതോടെ സംസ്ഥാനത്ത് ആകെ 305 പേർക്കാണ് ഒമിക്രോൺ സ്ഥിരീകരിച്ചത്. ലോ റിസ്ക് രാജ്യങ്ങളിൽ നിന്നും 209 പേരും ഹൈ റിസ്ക് രാജ്യങ്ങളിൽ നിന്നും ആകെ 64 പേരും എത്തിയിട്ടുണ്ട്. 32 പേർക്കാണ് ആകെ സമ്പർക്കത്തിലൂടെ രോഗം ബാധിച്ചത്.

# കൊൽക്കത്തയിൽ ചിത്തരഞ്ജൻ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാമത്തെ കാമ്പസ് പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തു

കൊൽക്കത്തയിലെ ചിത്തരഞ്ജൻ നാഷണൽ ക്യാൻസർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടാമത്തെ കാമ്പസ് പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോദി ഇന്ന് വീഡിയോ കോൺഫറൻസ് വഴി ഉദ്ഘാടനം ചെയ്തു. പശ്ചിമ ബംഗാൾ മുഖ്യമന്ത്രി മമത ബാനർജി, കേന്ദ്ര മന്ത്രിമാരായ ഡോ മൻസുഖ് മാണ്ഡവ്യ, ഡോ സുഭാസ് സർക്കാർ, ശ്രീ ശന്തനു താക്കൂർ, ശ്രീ ജോൺ ബർലാ, ശ്രീ നിസിത് പ്രമാണിക് എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

പശ്ചിമ ബംഗാളിലെ ജനങ്ങൾക്ക് പ്രത്യേകിച്ച് പാവപ്പെട്ടവർക്കും ഇടത്തരം കുടുംബങ്ങൾക്കും താങ്ങാനാവുന്നതും അത്യാധുനികവുമായ പരിചരണം നൽകുന്നതിൽ പുതിയ കാമ്പസ് വളരെയധികം മുന്നോട്ട് പോകുമെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. "രാജ്യത്തെ ഓരോ പൗരനും ഏറ്റവും മികച്ച വൈദ്യസഹായം ലഭ്യമാക്കുന്നതിനുള്ള പ്രതിജ്ഞയുടെ യാത്രയിൽ, ഞങ്ങൾ മറ്റൊരു ശക്തമായ ചുവടുവെപ്പ് കൂടി നടത്തുകയാണ്" പ്രധാനമന്ത്രി പറഞ്ഞു.

15 നും 18 നും ഇടയിൽ പ്രായമുള്ള കുട്ടികൾക്ക് പ്രതിരോധകുത്തിവയ്പ്പ് നൽകിയാണ് രാജ്യം ഈ വർഷം ആരംഭിച്ചതെന്ന് പ്രധാനമന്ത്രി പരാമർശിച്ചു. അതോടൊപ്പം, വർഷത്തിന്റെ ആദ്യ മാസത്തിന്റെ ആദ്യ ആഴ്ചയിൽ തന്നെ 150 കോടി 1.5 ബില്യൺ പ്രതിരോധകുത്തിവയ്പ്പ് ഡോസുകൾ എന്ന ചരിത്ര നാഴികക്കല്ലും ഇന്ത്യ കൈവരിക്കുകയാണ്.

ഒരു വർഷത്തിനുള്ളിൽ 150 കോടി ഡോസ് നൽകുകയെന്നത് വളരെ സുപ്രധാനമായ ഒരുനേട്ടവും രാജ്യത്തിന്റെ ഇച്ഛാശക്തിയുടെ പ്രതീകവുമാണ്. ഇത് രാജ്യത്തിന്റെ പുതിയ ആത്മവിശ്വാസത്തെയും ആത്മനിരയേയും (സ്വാശ്രയത്വം) അഭിമാനത്തെയും സൂചിപ്പിക്കുന്നു, അദ്ദേഹം പറഞ്ഞു. ഒമൈക്രോൺ വകഭേദം മൂലം കേസുകൾ വർദ്ധിക്കുന്നതിനാൽ, 150 പ്രതിരോധകുത്തിവയ്പ്പിന്റെ ഡോസുകളുടെ ഈ ഷീൽഡ് കൂടുതൽ പ്രാധാന്യമർഹിക്കുന്നു, പ്രധാനമന്ത്രി പറഞ്ഞു.

ഇന്ന്, ഇന്ത്യയിലെ മുതിർന്ന ജനസംഖ്യയുടെ 90 ശതമാനത്തിലധികം പേർക്കും പ്രതിരോധകുത്തിവയ്പ്പിന്റെ ഒരു ഡോസ് ലഭിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി ചൂണ്ടിക്കാട്ടി. അഞ്ച് ദിവസത്തിനുള്ളിൽ 1.5 കോടിയിലധികം കുട്ടികൾക്കും പ്രതിരോധകുത്തിവയ്പ്പിന്റെ ഡോസ് നൽകി. ഈ നേട്ടം മുഴുവൻ രാജ്യത്തിനും എല്ലാ ഗവൺമെന്റുകൾക്കും അദ്ദേഹം സമർപ്പിച്ചു. ഈ നേട്ടത്തിന് രാജ്യത്തെ ശാസ്ത്രജ്ഞർ, പ്രതിരോധകുത്തിവയ്പ്പ് നിർമ്മാതാക്കൾ, ആരോഗ്യ മേഖലയിലെ ജനങ്ങൾ എന്നിവർക്ക് അദ്ദേഹം പ്രത്യേകം നന്ദി പറഞ്ഞു.

ഇതുവരെ 11 കോടി ഡോസ് കൊറോണ പ്രതിരോധകുത്തിവയ്പ്പ് മരുന്ന് പശ്ചിമ ബംഗാളിന് ഗവൺമെന്റിന് സൗജന്യമായി നൽകിയിട്ടുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. 1500 ലധികം വെന്റിലേറ്ററുകളും 9000ലധികം പുതിയ ഓക്സിജൻ സിലിണ്ടറുകളും ബംഗാളിന് ലഭ്യമാക്കിയിട്ടുണ്ട്. 49 പുതിയ പി.എസ്.എ (പ്രഷർ സ്വിംഗ് അഡ്സോർപക്ഷൻ) ഓക്സിജൻ പ്ലാന്റുകളും സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചതായി പ്രധാനമന്ത്രി അറിയിച്ചു.

രാജ്യത്തിന്റെ ആരോഗ്യ മേഖലയെ പരിവർത്തനം ചെയ്യുന്നതിനായി, പ്രതിരോധ ആരോഗ്യ സംരക്ഷണം, താങ്ങാനാവുന്ന ആരോഗ്യ സംരക്ഷണം, വിതരണഭാഗത്തെ ഇടപെടൽ എന്നിവയിൽ ദൗത്യ മാതൃകയിലുള്ള സംഘടിതപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തിയതായി പ്രധാനമന്ത്രി പറഞ്ഞു. യോഗ, ആയുർവേദം, ഫിറ്റ് ഇന്ത്യ മൂവ്മെന്റ്, യൂണിവേഴ്സൽ ഇമ്മ്യൂണൈസേഷൻ (സാർവത്രിക പ്രതിരോധമാർജ്ജിക്കൽ) എന്നിവ പ്രതിരോധ ആരോഗ്യ സംരക്ഷണത്തെ ശക്തിപ്പെടുത്തുന്നു. അതുപോലെ, സ്വച്ഛ് ഭാരത് മിഷനും ഹർ ഘർ, ജല പദ്ധതികളും മികച്ച ആരോഗ്യ ഫലങ്ങൾക്ക് സംഭാവന നൽകുകയും ചെയ്യുന്നു.

സാമ്പത്തിക പരാധീനതകൾ മൂലം ദരിദ്രരിലും ഇടത്തരക്കാരിലും അർബുദം ഉണ്ടാക്കുന്ന ഭീതിയെക്കുറിച്ച് പ്രധാനമന്ത്രി പരാമർശിച്ചു. രോഗം ഉണ്ടാക്കുന്ന ദൂഷിത വലയത്തിൽ നിന്ന് പാവപ്പെട്ടവരെ കരകയറ്റാനായി, ചെലവുകുറഞ്ഞതും പ്രാപ്യമാക്കാവുന്നതുമായ ചികിത്സയ്ക്കായി രാജ്യം തുടർച്ചയായ നടപടികൾ സ്വീകരിക്കുന്നു. അർബുദ ചികിത്സക്കാവശ്യമായ മരുന്നുകളുടെ വില കഴിഞ്ഞ ഏതാനും വർഷങ്ങളായി ഗണ്യമായി കുറഞ്ഞിട്ടുണ്ടെന്നും അദ്ദേഹം പറഞ്ഞു. എണ്ണായിരത്തിലധികം ജൻ ഔഷധി കേന്ദ്രങ്ങൾ വളരെ മിതമായ നിരക്കിൽ മരുന്നുകളും ശസ്ത്രക്രിയ ഉപകരണങ്ങളും നൽകുന്നുണ്ട്.

50 ലധികം അർബുദ മരുന്നുകൾ ഈ സ്റ്റോറുകളിൽ വളരെ കുറഞ്ഞ വിലയിൽ ലഭ്യവുമാണ്. രോഗികളുടെ ആവശ്യങ്ങളോട് ഗവൺമെന്റ് ശ്രദ്ധാലുവാണെന്നും 500ലധികം മരുന്നുകളുടെ വിലനിയന്ത്രണത്തിലൂടെ പ്രതിവർഷം 3000 കോടിയിലധികം രൂപ ലാഭിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. കൊറോണറി സ്റ്റെന്റുകളുടെ നിയന്ത്രിത വില കാരണം ഹൃദ്രോഗികൾ പ്രതിവർഷം 4500 കോടിയിലധികം രൂപ ലാഭിക്കുന്നുണ്ട്, കാൽമുട്ട് ഇംപ്ലാന്റുകളുടെ വില കുറച്ചത് മുതിർന്ന പൗരന്മാരെ സഹായിക്കുകയും പ്രതിവർഷം 1500 കോടി രൂപ ലാഭിക്കുകയും ചെയ്യുന്നു. പ്രധാനമന്ത്രി ദേശീയ ഡയാലിസിസ് പരിപാടിക്ക് കീഴിൽ 12 ലക്ഷം പാവപ്പെട്ട രോഗികൾക്ക് സൗജന്യ ഡയാലിസിസ് സൗകര്യം ലഭിച്ചതായും പ്രധാനമന്ത്രി അറിയിച്ചു.

താങ്ങാനാവുന്നതും ഉൾക്കൊള്ളുന്നതുമായ ആരോഗ്യ പരിരക്ഷയുടെ കാര്യത്തിൽ ആയുഷ്മാൻ ഭാരത് പദ്ധതി ഇന്ന് ആഗോള മാനദണ്ഡമായി മാറുകയാണെന്ന് പ്രധാനമന്ത്രി പറഞ്ഞു. പി.എം. ജെ.എ.വൈ (പ്രധാനമന്ത്രി ജൻ ആരോഗ്യ യോജന)യ്ക്ക് കീഴിൽ, രാജ്യത്തുടനീളമുള്ള ആശുപത്രികളിൽ 2 കോടി 60 ലക്ഷത്തിലധികം രോഗികൾക്ക് സൗജന്യ ചികിത്സ ലഭിച്ചു. പദ്ധതിയുടെ അഭാവത്തിൽ രോഗികൾക്ക് 50 മുതൽ 60,000 കോടി രൂപ വരെ ചെലവഴിക്കുമായിരുന്നെന്നാണ് കണക്കുകൾ പറയുന്നത്. 17 ലക്ഷത്തിലധികം അർബുദ രോഗികൾക്കും ആയുഷ്മാൻ ഭാരത് പദ്ധതിയുടെ കീഴിൽ പ്രയോജനം ലഭിച്ചു. നിരന്തപരിശോധനകളിലൂടെ അർബുദം (കാൻസർ), പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയ ഗുരുതരമായ രോഗങ്ങൾ നേരത്തേ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും പദ്ധതി പ്രോത്സാഹിപ്പിക്കുന്നു. നിലവിൽ വരുന്ന ആരോഗ്യ സൗഖ്യകേന്ദ്രങ്ങൾ ഈ സംഘടിതപ്രവർത്തനത്തെ സഹായിക്കുകയും ചെയ്യുന്നു. പശ്ചിമ ബംഗാളിലും ഇത്തരത്തിലുള്ള അയ്യായിരത്തിലധികം കേന്ദ്രങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. രാജ്യത്ത് 15 കോടിയിലധികം ആളുകളിൽ വായ്, ഗർഭാശയ, സ്തനാർബുദം എന്നിവയുടെ പരിശോധനനടത്തിയതായി പ്രധാനമന്ത്രി അറിയിച്ചു.

2014 വരെ രാജ്യത്ത് ബിരുദ, ബിരുദാനന്തര മെഡിക്കൽ സീറ്റുകളുടെ എണ്ണം ഏകദേശം90,000 ആയിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. കഴിഞ്ഞ 7 വർഷത്തിനുള്ളിൽ അവയോടൊപ്പം 60,000 പുതിയ സീറ്റുകൾ കൂട്ടിചേർത്തു.

2014ൽ നമുക്ക് 6 എയിംസ് (ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ്) മാത്രമായിരുന്നു ഉണ്ടായിരുന്നത്, ഇന്ന് 22 എയിംസുകളുടെ ശക്തമായ ശൃംഖലയിലേക്ക് രാജ്യം നീങ്ങുകയാണ്. ഇന്ത്യയിലെ എല്ലാ ജില്ലയിലും ഒരു മെഡിക്കൽ കോളേജെങ്കിലും ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

19 സംസ്ഥാന കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകളുടെ കാൻസർ പരിരക്ഷാ പശ്ചാത്തല സൗകര്യങ്ങൾ വർദ്ധിപ്പിച്ചു, 20 ദ്വിതീയ കെയർ കാൻസർ ഇൻസ്റ്റിറ്റ്യൂട്ടുകൾ അനുവദിച്ചു, കൂടാതെ 30 ലധികം ഇൻസ്റ്റിറ്റ്യൂട്ടുകളുടെ പ്രവർത്തനം പുരോഗമിക്കുകയുമാണ്. അതുപോലെ, ആയുഷ്മാൻ ഭാരത് ഡിജിറ്റൽ ഹെൽത്ത് മിഷനും ആയുഷ്മാൻ ഭാരത് ഇൻഫ്രാസ്ട്രക്ചർ മിഷനും രാജ്യത്തിന്റെ ആരോഗ്യ മേഖലയ്ക്ക് ആധുനിക രൂപം നൽകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

കൊറോണയ്ക്കെതിരായ പോരാട്ടത്തിൽ എല്ലാ മുൻകരുതലുകളും സ്വീകരിക്കാനുള്ള തന്റെ അഭ്യർത്ഥന ആവർത്തിച്ചുകൊണ്ടാണ് പ്രധാനമന്ത്രി അവസാനിപ്പിച്ചത്.

രാജ്യത്തിന്റെ എല്ലാ ഭാഗങ്ങളിലും ആരോഗ്യ സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും നവീകരിക്കുന്നതിനുമുള്ള പ്രധാനമന്ത്രിയുടെ കാഴ്ചപ്പാടിന് അനുസൃതമായാണ് സി.എൻ.സി. ഐ (ചിത്തരഞ്ജൻ നാഷണൽ കാൻസർ ഇൻസ്റ്റിറ്റ്യൂട്ട്)യുടെ രണ്ടാമത്തെ കാമ്പസ് നിർമ്മിച്ചിരിക്കുന്നത്. അർബുദ രോഗികളുടെ വർദ്ധിച്ച ഭാരത്തെ സി.എൻ.സി.ഐ അഭിമുഖീകരിക്കുകയാണ്, വിപുലീകരണത്തിന്റെ ആവശ്യം കുറച്ചുകാലമായി അനുഭവപ്പെടുകയും ചെയ്യുന്നു. രണ്ടാം കാമ്പസിലൂടെ ഈ ആവശ്യം നിറവേറ്റപ്പെടും.

540 കോടി രൂപ ചെലവിലാണ് സി.എൻ.സി.ഐയുടെ രണ്ടാമത്തെ കാമ്പസ് നിർമ്മിച്ചിരിക്കുന്നത്, അതിൽ 400 കോടി രൂപ കേന്ദ്ര സർക്കാരും ബാക്കി പശ്ചിമ ബംഗാൾ സർക്കാരും 75:25 എന്ന അനുപാതത്തിൽ ചെലവഴിച്ചിട്ടുണ്ട്.

അർബുദ (കാൻസർ)രോഗനിർണയം, സ്റ്റേജിംഗ്, ചികിത്സ, പരിചരണം എന്നിവയ്ക്കുള്ള അത്യാധുനിക അടിസ്ഥാന സൗകര്യങ്ങളോടെ 460 കിടക്കകളുള്ള സമഗ്ര കാൻസർ സെന്റർ യൂണിറ്റാണ് ഈ കാമ്പസ്. ന്യൂക്ലിയർ മെഡിസിൻ (പി.ഇ.ടി), 3.0 ടെസ്ല എം.ആർ.ഐ, 128 സ്ലൈസ് സി.ടി സ്കാനർ, റേഡിയോന്യൂക്ലൈഡ് തെറാപ്പി യൂണിറ്റ് എൻഡോസ്കോപ്പി സ്യൂട്ട്, ആധുനിക ബ്രാച്ചിതെറാപ്പി യൂണിറ്റുകൾ തുടങ്ങിയ ആധുനിക സൗകര്യങ്ങളോടെയാണ് കാമ്പസ് സജ്ജീകരിച്ചിരിക്കുന്നത്. കാമ്പസ് ഒരു നൂതന കാൻസർ ഗവേഷണ കേന്ദ്രമായും പ്രവർത്തിക്കും. കാൻസർ രോഗികൾക്ക് പ്രത്യേകിച്ച് രാജ്യത്തിന്റെ കിഴക്കൻ, വടക്ക്കിഴക്കൻ ഭാഗങ്ങളിൽ നിന്നുള്ളവർക്ക് സമഗ്രമായ പരിചരണവും ലഭ്യമാക്കും.

# ഒരു ലക്ഷത്തിലധികം കുട്ടികൾക്ക് വാക്സിൻ നൽകി

സംസ്ഥാനത്ത് 15നും 18നും ഇടയ്ക്ക് പ്രായമുള്ള 1,02,265 കുട്ടികൾക്ക് കോവിഡ് വാക്സിൻ നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. 20,307 ഡോസ് വാക്സിൻ നൽകിയ തൃശൂർ ജില്ലയാണ് മുന്നിൽ. 10,601 പേർക്ക് വാക്സിൻ നൽകി ആലപ്പുഴ ജില്ല രണ്ടാം സ്ഥാനത്തും 9533 പേർക്ക് വാക്സിൻ നൽകി കണ്ണൂർ ജില്ല മൂന്നാം സ്ഥാനത്തുമാണ്. ഇതോടെ സംസ്ഥാനത്ത് ആകെ 3,18,329 കുട്ടികൾക്കാണ് വാക്സിൻ നൽകിയത്.

ഇതുവരെ 21 ശതമാനം കുട്ടികൾക്ക് വാക്സിൻ നൽകാനായെന്നും മന്ത്രി വ്യക്തമാക്കി.

തിരുവനന്തപുരം 6899, കൊല്ലം 8508, പത്തനംതിട്ട 5075, കോട്ടയം 7796, ഇടുക്കി 3650, എറണാകുളം 3959, പാലക്കാട് 8744, മലപ്പുറം 6763, കോഴിക്കോട് 5364, വയനാട് 2161, കാസർഗോഡ് 2905 എന്നിങ്ങനെയാണ് കുട്ടികൾക്ക് വാക്സിൻ നൽകിയത്.

കുട്ടികൾക്കായി 963 വാക്സിനേഷൻ കേന്ദ്രങ്ങളും 18 വയസിന് മുകളിലായി 679 വാക്സിനേഷൻ കേന്ദ്രങ്ങളും ഉൾപ്പെടെ ആകെ 1642 വാക്സിനേഷൻ കേന്ദ്രങ്ങളാണുണ്ടായിരുന്നത്.

# താത്ക്കാലിക നിയമനം

കൊല്ലം മെഡിക്കൽ കോളജിൽ ആർ. ടി. പി. സി. ആർ. ലാബിലേക്ക് ലാബ് അസിസ്റ്റന്റുമാരെ താത്ക്കാലികമായി നിയമിക്കുന്നു. രണ്ട് ഒഴിവുകൾ. പ്രായപരിധി 1840. ശമ്പളം 14,000. യോഗ്യത 50 ശതമാനം മാർക്കോടെ സയൻസ് പ്ലസ് ടു/വി.എച്ച്.എസ്.സി, ആർ. ടി. പി. സി. ആർ./മൈക്രോ ബയോളജി ലാബിൽ ആറു മാസത്തെ പ്രവൃത്തി പരിചയം. ജനുവരി 11 നകം ബയോഡേറ്റ, യോഗ്യത, തിരിച്ചറിയൽ, പ്രവൃത്തി പരിചയം, മറ്റ് രേഖകൾ എന്നിവ വദ്യേ://ളീ്യാ.ഴഹല/ഥആഘഃര്എ17ങ്യആയങ അ്വ6 ഗൂഗിൾ ഫോമിൽ അപ്ലോഡ് ചെയ്യണം.

ലാബ് ടെക്നിഷ്യൻ തസ്തികയിലേക്കും അപേക്ഷിക്കാം. അഞ്ച് ഒഴിവുകൾ. ശമ്പളം 14,000. പ്രായപരിധി 1840. യോഗ്യത സയൻസ് പ്ലസ് ടു/പ്രി ഡിഗ്രി 50 ശതമാനം മാർക്കോടെ ഡി.എൽ.എം.റ്റി/ബി.എസ്.സി എം.എൽ.റ്റി/എം.എസ്.സി എം.എൽ.റ്റി പാരാമെഡിക്കൽ കൗണസിൽ രജിസ്ട്രേഷനും ആർ.ടി.പി.സി.ആർ ലാബിൽ ആറു മാസം പ്രവൃത്തി പരിചയവും. ജനുവരി 11 ന് അഞ്ചു മണിക്കകം https://forms.gle/ZksSUaff7bdVbR3v6 ഗൂഗിൾ ഫോമിൽ അപ്ലോഡ് ചെയ്യണം.

# ദേശീയപാത വീതി കൂട്ടൽ: ഹിയറിങ് 11മുതൽ

ദേശീയപാത 66 ഓച്ചിറ മുതൽ കടമ്പാട്ടുകോണം വരെ വീതി കൂട്ടുന്നതുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുമ്പോൾ വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന വ്യാപാരസ്ഥാപനങ്ങൾ നഷ്ടപ്പെടുന്ന വ്യക്തികൾക്കായുള്ള ഹിയറിങ് വിവിധ സ്പെഷ്യൽ തഹസിൽദാർ യൂണിറ്റുകളിൽ ജനുവരി 11 മുതൽ 15 വരെ നടത്തും. രാവിലെ 11 മണി മുതൽ 5 വരെയാണ് ഹിയറിങ്. വാടക ചീട്ട്, പഞ്ചായത്ത് / മുനിസിപ്പാലിറ്റി/ കോർപ്പറേഷനിൽ നിന്നുള്ള ലൈസൻസ്, തിരിച്ചറിയൽ രേഖകൾ, ബാങ്ക് പാസ്ബുക്ക് പകർപ്പ് എന്നിവ സഹിതം ഹാജരാകണം. ഹിയറിങ് നടത്തുന്ന സ്ഥലങ്ങളും തീയതികളും ചുവടെ:

കല്ലുവാതുക്കൽ, ചിറക്കര വില്ലേജുകളുടെ ഹിയറിങ് ജനുവരി 11നും മീനാട് 12,13 തീയതികളിലും പാരിപ്പള്ളി 14നും ചാത്തന്നൂർ സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് ഒന്ന് കാര്യാലയത്തിൽ നടത്തും.

ശക്തികുളങ്ങര വില്ലേജിൽ ഉള്ളവരുടെ ഹിയറിങ് 11നും ആദിച്ചനല്ലൂർ 12നും മയ്യനാട്13 തഴുത്തല14 തീയതികളിൽ വടക്കേവിള സ്പെഷ്യൽ തഹസിൽദാർ യൂണിറ്റ് നമ്പർ 2 നടത്തും

വടക്കുംതല വില്ലേജിലേത് 11നും പ ന 12നും ചവറ 13നും നീണ്ടകര 14 നും കാവനാട് സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നടത്തും.

ഓച്ചിറ,കുലശേഖരപുരം, ആദിനാട്, കരുനാഗപ്പള്ളി, അയണിവേലികുളങ്ങര എന്നീ വില്ലേജുകളിലെ യഥാക്രമം 11,12,13,14,15 തീയതികളിൽ കരുനാഗപ്പള്ളി സ്പെഷ്യൽ തഹസിൽദാർ ഓഫീസിൽ നടത്തും.

# ക്രിപ്റ്റോ കറൻസി തട്ടിപ്പ്: കണ്ണൂരിൽ ഒരാൾ കൂടി പിടിയിൽ

കണ്ണൂർ: മോറിസ്കോയിൻ ക്രിപ്റ്റോ കറൻസി തട്ടിപ്പ് കേസിലേക്ക് വീണ്ടും ഒരാൾ അറസ്റ്റിലായി. കൊല്ലം അഞ്ചുകല്ലുമൂട് സ്വദേശി സന്തോഷ് ഫിലിക്സി(38)നെയാണ് കണ്ണൂർ അസിസ്റ്റന്റ് കമ്മീഷണർ പി.പി സദാനന്ദൻ അറസ്റ്റ് ചെയ്തത്.

മോറിസ്കോയിൻ പദ്ധതിയിലെ ആദ്യകാല നിക്ഷേപകരുടെ ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചു വരുകയാണ്. സന്തോഷ് ഫിലിക്സിന്റെ പേരിൽ കൊല്ലം ആക്സിസ് ബാങ്കിലുള്ള അക്കൗണ്ട് പരിശോധിച്ചതിൽ 58,28,13,140 രൂപ വിവിധ നിക്ഷേപകരിൽ നിന്നും സ്വീകരിച്ചതായി മനസിലായി .


മൊത്തം 1300 കോടി രൂപ പിരിച്ചെടുത്തതിൽ 58 കോടി രൂപയും സന്തോഷിന്റെ അക്കൗണ്ടിലേക്കാണ് ക്രെഡിറ്റ് ചെയ്തത്. ഈ തട്ടിപ്പ് പദ്ധതിയിലേക്ക് ആയിരകണക്കിന് ആളുകളെ ഇയാൾ ചേർത്തതായി മനസിലായി.

ഇയാൾ തന്നെ ലോങ് റിച്ച് വെബ്സൈറ്റിലും മോറിസ്കോയിൻ വെബ്സൈറ്റിലുമായി 376 വ്യത്യസ്ത ഐഡികളിൽ രജിസ്റ്റർ ചെയ്തതായി മനസിലാക്കി. പിൻസ്റ്റോക്കിസ്റ്റുകൾ വഴി ശേഖരിച്ച ഭീമമായ തുക കമ്പനി ഉടമ നിഷാദിന്റെ ഫെഡറൽ ബാങ്ക് കരൂർ വൈശ്യ ബാങ്ക് തുടങ്ങിയ അക്കൗണ്ടിലേക്കും ലോങ് റിച്ച് ഗ്ലോബൽ എന്ന പേരിൽ കാത്തലിക് സിറിയൻ ബാങ്കിന്റെ കോയമ്പത്തൂർ ബ്രാഞ്ച് അക്കൗണ്ടിലേക്കും ഐ.സി.ഐ.സി.ഐയുടെ അക്കൗണ്ടിലേക്കും മാറ്റിയതായി കണ്ടെത്തി.

ഈ അക്കൗണ്ടുകളിൽ നിന്നും അഢഅകഘടഭ ഘഡഠകഭച,ഇഅടഒഎ ഞജ്ജള,ജഅടജആഡദ തുടങ്ങിയ ഇന്റർനെറ്റ് മണിപേയ്മെന്റ് ഗേറ്റ് വേ കമ്പനികളുടെ അക്കൗണ്ടിലേക്ക് മാറ്റിയതായി മനസിലായി. ഇത്തരം നോഡൽ അക്കൗണ്ടുകൾ വഴി ആദ്യകാല നിക്ഷേപകർക്ക് ഭീമമായ പണം വിതരണം ചെയ്തിട്ടുണ്ട്. പ്രസ്തുത അക്കൗണ്ടുകൾ എല്ലാം പരിശോധിച്ചതിന്റെ ഭാഗമായിട്ടാണ് സന്തോഷ് ഫിലിക്സ് അറസ്റ്റിലായത് .

കണ്ണപുരം എസ്.ഐ വിനീഷ്, എടക്കാട് എസ്.ഐ മഹേഷ് കണ്ടമ്പേത്ത് , കണ്ണൂർ സിറ്റി എസ്.ഐ സുമേഷ് എന്നിവരുടെ നേതൃത്വത്തിലാണ് അറസ്റ്റുകൾ നടന്നുവരുന്നത് . ഇതിനകം 7 പേർ മൊത്തം അറസ്റ്റിലായി. ലോങ് റിച്ച് നിക്ഷേപ തട്ടിപ്പ് പദ്ധതിയുടെ ഫണ്ടുകൾ കൈകാര്യം ചെയ്ത കൂടുതൽ ആളുകളെ ചോദ്യം ചെയ്ത് വരുകയാണ്

# കേരളത്തിൽ കോവിഡ് കേസുകൾ കൂടുന്നു; ഇന്ന് 5,296 പേർക്ക് രോഗം



തിരുവനന്തപുരം: കേരളത്തിൽ കോവിഡ് കേസുകൾ വർധിക്കുന്നു. ഇന്ന് 5,296 പേർക്കാണ് സംസ്ഥാനത്ത് കോവിഡ് സ്ഥിരീകരിച്ചത്. തിരുവനന്തപുരം 1116, എറണാകുളം 1086, കോഴിക്കോട് 551, തൃശൂർ 437, കൊല്ലം 302, കണ്ണൂർ 289, കോട്ടയം 289, പത്തനംതിട്ട 261, ആലപ്പുഴ 223, മലപ്പുറം 210, പാലക്കാട് 201, ഇടുക്കി 142, വയനാട് 118, കാസർഗോഡ് 71 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്.

കഴിഞ്ഞ 24 മണിക്കൂറിനിടെ 64,577 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള അഞ്ച് തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി ആറ് വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,07,164 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 1,04,730 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറൻറൈനിലും 2,434 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 240 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്.

നിലവിൽ 27,859 കോവിഡ് കേസുകളിൽ, 7.8 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്.

കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 35 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്. ഇതുകൂടാതെ സുപ്രീംകോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 154 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 49,305 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 76 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്. 4,896 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 276 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 48 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 2,404 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 655, കൊല്ലം 30, പത്തനംതിട്ട 220, ആലപ്പുഴ 86, കോട്ടയം 283, ഇടുക്കി 58, എറണാകുളം 230, തൃശൂർ 261, പാലക്കാട് 63, മലപ്പുറം 53, കോഴിക്കോട് 267, വയനാട് 30, കണ്ണൂർ 136, കാസർഗോഡ് 32 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 27,859 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 51,95,497 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (ബി ഐ എസ്) 75 വർഷം പൂർത്തിയാക്കി

2022 ജനുവരി 6 ന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (ബി ഐ എസ്) 75 വർഷം പൂർത്തിയാക്കി. ആകടമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവരെയും, സ്ഥാപനത്തെയും വിദൂര ദൃശ്യ സാങ്കേതികവിദ്യയിലൂടെ ചേർന്ന യോഗത്തിൽ കേന്ദ്ര ഉപഭോക്തൃകാര്യ, ഭക്ഷ്യപൊതുവിതരണ മന്ത്രി ശ്രീ പിയൂഷ് ഗോയൽ അഭിനന്ദിച്ചു.

മന്ത്രാലയത്തിലെയും ബിഐഎസ്‌ലെയും ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യവേ, 4S (സ്പീഡ്, സ്കിൽ, സ്കെയിൽ, സ്റ്റാൻഡേർഡ്സ്)നുള്ള സമയമാണിതെന്ന് കേന്ദ്രമന്ത്രി അഭിപ്രായപ്പെട്ടു. 'ഒരു രാജ്യം ഒരു നിലവാരം (സ്റ്റാൻഡേർഡ്)" എന്ന ലക്ഷ്യത്തിനായി കേന്ദ്രസർക്കാർ പ്രയത്നിച്ചു വരികയാണെന്ന് അദ്ദേഹം അറിയിച്ചു. അതിനാൽ തന്നെ അന്താരാഷ്ട്ര മേന്മയോട് ചേർന്ന് പോകുന്നതിനായി, കൃത്യമായ നിലവാരം നിർണയിക്കേണ്ടത് അതിപ്രധാനമാണ്. നിലവാരം നിശ്ചയിക്കുന്നതും, യോഗ്യത മാനദണ്ഡങ്ങൾ പരിശോധിക്കുന്നതും ഉപഭോക്താക്കൾക്ക് സുരക്ഷിതവും, വിശ്വാസയോഗ്യവും, ഉയർന്ന ഗുണമേന്മയുള്ളതുമായ ഉത്പന്നങ്ങൾ ഉറപ്പാക്കുമെന്ന് ശ്രീ ഗോയൽ അഭിപ്രായപ്പെട്ടു.

മൊത്തം ഗുണനിലവാര നിയന്ത്രണം (ഠീമഹ ഝൗമഹശ്യേ ഇീിൃീഹ) അല്ലെങ്കിൽ സിക്സ് സിഗ്മ നിലവാരത്തിലുള്ള ഗുണമേന്മയ്ക്കാണ് ഭൂരിഭാഗം ഉത്പാദന യൂണിറ്റുകളും പ്രാധാന്യം നൽകുന്നത്.കുറവുകളും തെറ്റുകളും ഉള്ള ഉൽപ്പന്നങ്ങൾ കൃത്യമായി കണ്ടെത്താൻ പരിശ്രമിക്കുന്നതിനൊപ്പം കർശന നടപടികളും അവർ സ്വീകരിക്കുന്നു. ഇത് ആധുനികവും, വികസിതവും, പുരോഗമന ചിന്ത പിന്തുടരുന്നതുമായ ഒരു രാഷ്ട്രത്തിന്റെ തെളിവാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഒരു 'ബ്രാൻഡ് ഇന്ത്യ' നിർമ്മിക്കുന്നതിൽ ആകട പ്രധാന പങ്കുവഹിച്ചതായി വിലയിരുത്തിയ കേന്ദ്രമന്ത്രി ഗുണമേന്മയുള്ള ചരക്കുകളുടെയും സേവനങ്ങളുടെയും വിതരണക്കാർ എന്ന മേൽവിലാസം ആഗോളതലത്തിൽ ഇന്ത്യക്ക് ലഭിക്കുന്നതിന് ഇത് കാരണമായതായും അഭിപ്രായപ്പെട്ടു.

കൂടുതൽ പുരോഗതി സ്വന്തമാക്കുന്നതിനായി ബിഐഎസ്ന്

5 മാർഗ്ഗങ്ങളും അദ്ദേഹം നിർദ്ദേശിച്ചു:

1 നടപടിക്രമങ്ങൾക്ക് തടസ്സമുണ്ടാക്കുന്ന തരം സാന്നിധ്യമായി മാറാതെ സഹായകരമായ നടപടികൾ ഉറപ്പാക്കുന്നവരായി പ്രവർത്തിക്കുക

2 ഒരു ആഗോള സ്ഥാപനമായി വികസിക്കുക

3 പ്രതീക്ഷിത മികവ് കൈവരിക്കുന്നതിന് തടസ്സമാകുന്ന സാഹചര്യങ്ങൾ കൃത്യമായി വിലയിരുത്തുന്നതിനും (ഗ്യാപ് അനാലിസിസ്), രാജ്യമൊട്ടാകെ ഉന്നത നിലവാരമുള്ള ലബോറട്ടറികൾ സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കുക

4 ഗുണമേന്മനിലവാര മേഖലയിൽ ഒരു വലിയ വിപ്ലവം ആവശ്യമാണ്. ഇതിന്റെ പശ്ചാത്തലത്തിൽ ഒരു രാജ്യം ഒരു നിലവാരം എന്നത് വലിയ മാറ്റങ്ങൾക്ക് വഴി തുറക്കും

5 ഗുണമേന്മ എന്നത് ചിലവേറിയതല്ല, മറിച്ച് അത് ഫലപ്രദമായ ചിലവിടലാണ്.

# എസ്. സി പ്രമോട്ടർ കരാർ നിയമനം

ചിറ്റുമല ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് പരിധിയിലുള്ള കിഴക്കേകല്ലട ഗ്രാമപഞ്ചായത്തിൽ എസ്. സി. പ്രമോട്ടറുടെ ഒഴിവിലേക്ക് ജനുവരി 12ന് രാവിലെ 10.30 ന് സിവിൽ സ്റ്റേഷനിലെ ജില്ലാ പട്ടികജാതി വികസന ഓഫീസിൽ വോക്ക് ഇൻ ഇന്റർവ്യൂ നടത്തും. പഞ്ചായത്തിൽ സ്ഥിരതാമസമായവർക്ക് അപേക്ഷിക്കാം. ഇവരുടെ അഭാവത്തിൽ സമീപപ്രദേശങ്ങളിൽ ഉള്ളവരെയും പരിഗണിക്കും. യോഗ്യതപ്രീഡിഗ്രി /പ്ലസ് ടു, പ്രായപരിധി 1840. കൂടുതൽ വിദ്യാഭ്യാസ യോഗ്യത ഉള്ളവർക്ക് മുൻഗണന.

10 ശതമാനം പേരെ പട്ടികജാതി മേഖലയിൽ പ്രവർത്തിക്കുന്ന സാമൂഹ്യപ്രവർത്തകരിൽ നിയമിക്കും.

ഇവരുടെ വിദ്യാഭ്യാസ യോഗ്യത എസ്. എസ്. എൽ. സിയും ഉയർന്ന പ്രായപരിധി 50 വയസ്സും ആണ്. ജാതി, വിദ്യാഭ്യാസയോഗ്യത, വയസ്സ്, സാമൂഹ്യപ്രവർത്തന പരിചയം സംബന്ധിച്ച് ബന്ധപ്പെട്ട തദ്ദേശ സ്ഥാപന സെക്രട്ടറിയിൽ നിന്നുള്ള റസിഡൻസ് സർട്ടിഫിക്കറ്റ്, പാസ്പോർട്ട് സൈസ് ഫോട്ടോ, എന്നിവ സഹിതം ഹാജരാകണം.

ഓണറേറിയം പ്രതിമാസം 10000 രൂപ. അപേക്ഷയുടെ മാതൃക മറ്റു വിവരങ്ങൾ എന്നിവ ജില്ലാ/ബ്ലോക്ക്/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസിൽ ലഭിക്കും. ഫോൺ 0474 2794996.

## ഇന്റേൺഷിപ്പിന് അപേക്ഷിക്കാം

വ്യവസായ വികസന ഏരിയപ്ലോട്ട് എന്നിവ സംബന്ധിച്ച് അടിസ്ഥാന വിവര ശേഖരണത്തിന് ജില്ലാ വ്യവസായ കേന്ദ്രം മൂന്ന് മാസത്തേക്ക് ഇന്റേൺസിനെ നിയമിക്കുന്നു. 2540 പ്രായ പരിധിയിലുള്ള എം. ബി. എ ബിരുദം നേടിയവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ തിരിച്ചറിയൽ രേഖയുടേയും പകർപ്പ് സഹിതം ജനുവരി 12 നകം ജില്ലാ വ്യവസായ കേന്ദ്രത്തിൽ അപേക്ഷിക്കണം. ഫോൺ 0474 2748395.

# കൊച്ചി മെട്രോ സൗരോർജ ഉൽപ്പാദനത്തിൽ കുതിപ്പ്, പുതിയ സോളാർ പ്ലാന്റ് ഉദ്ഘാടനം ചെയ്തു



കൊച്ചി : വൈദ്യുതി ആവശ്യത്തിന്റെ ഭൂരിഭാഗവും സൗരോർജത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കാൻ പുതിയ ഒരു പ്ലാന്റ് കൂടി കൊച്ചി മെട്രോയിൽ പ്രവർത്തനം തുടങ്ങി. മുട്ടം യാർഡിൽ 824.1 കെഡബ്ല്യുപി ശേഷിയുള്ള പ്ലാന്റ് കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ ഉൽഘാടനം ചെയ്തു. ഇതോടെ മൊത്തം വൈദ്യുതി ആവശ്യത്തിന്റെ 42 ശതമാനവും സോളാറിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന കമ്പനിയായി കെ.എം ആർ എൽ മാറി.

'ആവശ്യമായ വൈദ്യുതിയുടെ പരമാവധിയും കൊച്ചി മെട്രോയുടെ പരിസരപ്രദേശങ്ങളിൽ നിന്ന് സോളാർ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രധാനമായും വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന സ്ഥാപനമായതിനാൽ പാരമ്പര്യേതര ഊർജ ഉറവിടങ്ങളെ പരമാവധി പ്രയോജനപ്പെടുത്തുകയാണ് ലക്ഷ്യം.ആവശ്യമുള്ള വൈദ്യതി മുഴുവൻ സൗരോർജത്തിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന നിലയിലേക്ക് കമ്പനിയെ മാറ്റും. ' കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ ലോക്നാഥ് ബെഹ്റ പറഞ്ഞു.


ചടങ്ങിൽ ഡയറക്ടർ സിസ്റ്റംസ് ഡി.കെ സിൻഹ, ചീഫ് ജനറൽ മാനേജർ എ.ആർ രാജേന്ദ്രൻ, ജനറൽമാനേജർമാരായ എ.മണികണ്ഠൻ, മിനി ഛബ്ര, മണിവെങ്കട കുമാർ കെ, സി നീരീക്ഷ്, സീനിയർ ഡെപ്യൂട്ടി ജനറൽ മാനേജർ എൻ.എസ് റെജി, അസിസ്റ്റന്റ് മാനേജർ ആർ. രാധിക തുടങ്ങിയവർ പങ്കെടുത്തു.

സംസ്ഥാനത്തെ പൊതുമേഖല സ്ഥാപനങ്ങൾക്കിടയിൽ ഏറ്റവും കൂടുതൽ സോളാർ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിൽ മുൻനിര സ്ഥാനമാണ് കെ.എം.ആർ.എല്ലിനുള്ളത്. ട്രയിൻ പാളത്തിന് മുകളിൽ പാനലുകൾ സ്ഥാപിച്ച് സോളാർ വൈദ്യുതി ഇന്ത്യയിൽ ആദ്യമായി ഉൽപ്പാദിപ്പിച്ച് തുടങ്ങിയത് കൊച്ചി മേട്രോയാണ്. മുട്ടം യാർഡിൽ 8400 ചതുരശ്ര മീറ്ററിലാണ് പുതിയ പ്ലാന്റിന്റെ ഭാഗമായി സോളാർ പാനൽ സ്ഥാപിച്ചിരിക്കുന്നത്. പ്രതിദിനം 3000 യൂണിറ്റ് വൈദ്യുതി ഇവിടെ നിന്ന് മാത്രം ഉൽപ്പാദിപ്പിക്കാം. ഇതോടെ കൊച്ചി മെട്രോയുടെ പ്രതിദിന സോളാർ വൈദ്യുതി ഉൽപ്പാദനം 30,000 യൂണിറ്റായി ഉയരും.

3.1 എം.ഡബ്ല്യു പി ശേഷിയുള്ള പ്ലാന്റിന്റെ നിർമാണം പുരോഗമിക്കുകയാണ്. ഈ വർഷം ഏപ്രിലോടെ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതോടെ നിർമാണശേഷി 11.2 എം ഡബ്ല്യു പി ആയി ഉയരും. ഇത്രയും വൈദ്യുതി ഉൽപ്പാദനത്തിനായി സോളാർ പ്ലാന്റുകൾ പ്രവർത്തിക്കുമ്പോൾ പ്രതിവർഷം 3,53,625 ടണ്ണോളം കാർബൺ എമിഷൻ കുറയുമെന്നാണ് കണക്കാക്കുന്നത്. അതാകട്ടെ 5,65,800 തേക്ക് മരങ്ങൾ വെച്ചുപിടിപ്പിച്ചാൽ പരിസ്ഥിതിക്ക് ലഭിക്കുന്ന പ്രയോജനം പ്രാദനം ചെയ്യും.

2018ലാണ് 2.670 എം ഡബ്ല്യു പി ശേഷിയുള്ള ആദ്യ പ്ലാന്റ് പ്രവർത്തനം തുടങ്ങിയത്. ആലുവ മുതൽ മഹാരാജാസ് വരെയുള്ള സ്റ്റേഷൻ കെട്ടിടങ്ങളിലും മുട്ടം ഡിപ്പോയിലും പാനലുകൾ സ്ഥാപിച്ചുകൊണ്ടാണ് ഈ പ്ലാന്റ് പ്രവർത്തനം തുടങ്ങിയത്. അന്നത്തെ കെ.എം.ആർ.എല്ലിന്റെ വൈദ്യുതി ആവശ്യത്തിന്റെ 18 ശതമാനം വൈദ്യുതി ഈ പ്ലാന്റിൽ നിന്ന് ഉൽപ്പാദിപ്പിച്ചു. 2.719 എംഡബ്ല്യുപി ശേഷിയുള്ള രണ്ടാമത്തെ പ്ലാന്റ് 2019ലാണ് പ്രവർത്തനം തുടങ്ങിയത്. പിന്നീട് 1.9 എംഡബ്ല്യു പി ശേഷിയുള്ള മറ്റൊരു പ്ലാന്റും പ്രവർത്തനം തുടങ്ങി

# സൂര്യനെ 'തൊട്ട്" നാസ



വാഷിങ്ടൺ : സൂര്യന്റെ അന്തരീക്ഷത്തെ തൊടുന്ന ആദ്യത്തെ ബഹിരാകാശ പേടകമായി നാസയുടെ പാർക്കർ സോളാർ പ്രോബ്. ഏപ്രിൽ 28ന് പേടകം സൂര്യന്റെ ഏറ്റവും ബാഹ്യ അന്തരീക്ഷമായ കൊറോണയിലൂടെ വിജയകരമായി പറന്നതായി അമേരിക്കൻ ജിയോഫിസിക്കൽ യൂണിയൻ സമ്മേളനത്തിൽ നാസ വെളിപ്പെടുത്തി.

സെക്കൻഡിൽ 100 കിലോമീറ്ററിലേറെ വേഗത്തിൽ സഞ്ചരിക്കുന്ന പേടകം അഞ്ചു മണിക്കൂറാണ് സൂര്യന്റെ അന്തരീക്ഷത്തിൽ ചെലവഴിച്ചത്. ഇവിടത്തെ കണങ്ങളെയും കാന്തികക്ഷേത്രങ്ങളെയും കുറിച്ച് പേടകം വിവരം ശേഖരിച്ചു. വിവരങ്ങൾ ഭൂമിയിൽ എത്താൻ മാസങ്ങളെടുത്തു. ലഭിച്ച വിവരങ്ങൾ ഉറപ്പാക്കിയശേഷമാണ് ഇക്കാര്യം പുറത്തുവിട്ടത്. മനുഷ്യൻ ചന്ദ്രനിൽ ഇറങ്ങിയതിനോടാണ് ഈ ചരിത്രനേട്ടത്തെ നാസ താരതമ്യപ്പെടുത്തുന്നത്. സൂര്യനെക്കുറിച്ചുള്ള പഠനങ്ങൾക്ക് ഇത് നാഴികക്കല്ലാകും.

സൗരവാതത്തെക്കുറിച്ചുള്ള അടിസ്ഥാന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക എന്ന ഉദ്ദേശ്യത്തിൽ 2018 ആഗസ്തിലാണ് പാർക്കർ വിക്ഷേപിച്ചത്. അഞ്ചുമണിക്കൂറിനിടെ സൂര്യന്റെ പുറംഭാഗത്തെ 1.3കോടി കിലോമീറ്ററിൽ പാർക്കർ സഞ്ചരിച്ചു. ചിക്കാഗോ സർവകലാശാല പ്രൊഫസറും ജ്യോതിശാസ്ത്രജ്ഞനുമായ യൂജിൻ പാർക്കറുടെ പേരാണ് പേടകത്തിനിട്ടത്. ജീവിച്ചിരിക്കുന്ന ഒരാളുടെ പേരിലുള്ള നാസയുടെ ആദ്യ ദൗത്യമാണ് ഇത്. രണ്ടായിരത്തി ഇരുപത്തഞ്ചോടെ പാർക്കറിന് സൂര്യനോട് കൂടുതൽ അടുക്കാനാകുമെന്നാണ് നാസ പ്രതീക്ഷിക്കുന്നത്.

# 154.32 കോടിയിൽ അധികം വാക്സിൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നൽകി

രാജ്യത്തൊട്ടാകെ കോവിഡ്19 പ്രതിരോധ കുത്തിവയ്പ് അതിവേഗത്തിൽ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്. എല്ലാവർക്കും കോവിഡ്19 പ്രതിരോധ കുത്തിവയ്പു നൽകുന്ന പുതിയ ഘട്ടത്തിന് രാജ്യത്ത് 2021 ജൂൺ 21നാണ് തുടക്കമായത്. പ്രതിരോധ മരുന്നു കൂടുതൽ ലഭ്യമാക്കിയതും, സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും മരുന്നുലഭ്യത മുൻകൂട്ടി അറിയാൻ കഴിഞ്ഞതും മികച്ച ആസൂത്രണത്തിനും വിതരണ ശൃംഖല സുതാര്യമാക്കുന്നതിനും സഹായിച്ചു.

രാജ്യവ്യാപക പ്രതിരോധ കുത്തിവയ്പു പരിപാടിയുടെ ഭാഗമായി, സൗജന്യമായി വാക്സിനുകൾ നൽകി കേന്ദ്ര ഗവണ്മെന്റ് സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും പിന്തുണ നൽകി വരികയാണ്. കോവിഡ്19 പ്രതിരോധ കുത്തിവയ്പ് പരിപാടിയുടെ പുതിയ ഘട്ടത്തിൽ വാക്സിനുകളുടെ 75% കേന്ദ്ര ഗവണ്മെന്റ് സംഭരിക്കും. ഇങ്ങനെ സംഭരിക്കുന്ന വാക്സിനുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും സൗജന്യമായി നൽകും.

കേന്ദ്ര ഗവണ്മെന്റ് സൗജന്യമായി ലഭ്യമാക്കിയതും സംസ്ഥാനങ്ങൾ നേരിട്ട് സംഭരിച്ചതുമുൾപ്പടെ ഇതുവരെ 154.32 കോടിയിലധികം (1,54,32,62,955) വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും കൈമാറിയിട്ടുണ്ട്.

18.14 കോടിയിൽ അധികം (18,14,28,316) കോവിഡ് വാക്സിൻ ഡോസുകൾ സംസ്ഥാനങ്ങളുടെയും കേന്ദ്രഭരണ പ്രദേശങ്ങളുടെയും പക്കൽ ഇപ്പോഴും ലഭ്യമാണ്.

# കെ ടെറ്റ് സർട്ടിഫിക്കറ്റ് വിതരണം

ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിൽ 2021 മെയ് വരെ നടത്തിയ കേരള ടീച്ചർ എലിജിബിലിറ്റി ടെസ്റ്റ് പരീക്ഷയിൽ യോഗ്യത നേടുകയും സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാകുകയും ചെയ്തവരുടെ സർട്ടിഫിക്കറ്റ് വിതരണം ജനുവരി 10, 11 ദിവസങ്ങളിൽ കൊല്ലം ഗവൺമെന്റ് മോഡൽ ഗേൾസ് ഹൈസ്കൂളിൽ നടത്തും.

ഒന്ന്, രണ്ട്, മൂന്ന് കാറ്റഗറിയിൽ പെട്ടവർക്ക് 10 നും മൂന്ന്, നാല് കാറ്റഗറിയിൽ പെട്ടവർക്ക് 11നും രാവിലെ 10 മണി മുതൽ വൈകിട്ട് 3.30 വരെ സർട്ടിഫിക്കറ്റുകൾ വാങ്ങാം. ക്വാറന്റയിനിൽ ഉള്ളവർ, രോഗ ലക്ഷണങ്ങൾ ഉള്ളവർ എന്നിവർ സർട്ടിഫിക്കറ്റ് പിന്നീട് കൈപ്പറ്റണമെന്ന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0474 2793546.

# കുടിവെള്ള പ്രശ്നം പരിഹരിക്കും

ഓച്ചിറ, കുലശേഖരപുരം, കരുനാഗപ്പള്ളി, ആലപ്പാട്, പഞ്ചായത്തുകളിലെ വിവിധ പ്രദേശങ്ങളിലെ കുടിവെള്ള പ്രശ്നം സംബന്ധിച്ച പരാതികൾക്ക് ഉടൻ പരിഹാരം കാണാൻ നിർദ്ദേശം. അടിയന്തരമായി കൈക്കൊള്ളേണ്ട നടപടികൾ സംബന്ധിച്ച് ജല അതോറിറ്റി ഉദ്യോഗസ്ഥർ, പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർക്ക് നിർദേശം നൽകി. എ. ഡി. എമ്മിന്റെ അധ്യക്ഷതയിൽ സി. ആർ. മഹേഷ് എം. എൽ. എയുടെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിലാണ് തീരുമാനം.

NAUTICAL TIMES
KERALA
Thiruvananthapuram
RNI.Reg,No. KERBIL/2018/77391
2022 JANUARY 08 SATURDAY


# കെ റെയിൽ: കല്ല് പറിക്കും മുമ്പ് സ്വന്തം പല്ല് സൂക്ഷിക്കണമെന്ന് എം.വി. ജയരാജൻ



കണ്ണൂർ: സിൽവർ ലൈൻ സർവേ കല്ല് പറിക്കും മുമ്പ് സ്വന്തം പല്ല് സൂക്ഷിക്കണമെന്ന് കണ്ണൂർ ജില്ലാ സെക്രട്ടറി എം.വി. ജയരാജൻ. കെപിസിസി പ്രസിഡൻറും പ്രതിപക്ഷ നേതാവും മുകളിലേക്ക് തുപ്പിക്കളിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

2011 ലെ യുഡിഎഫ് മാനിഫെസ്റ്റോവിലും 2012 ലെ എമർജിംഗ് കേരളയിലും പ്രധാന സ്വപ്ന പദ്ധതികളായിരുന്നു കെ റെയിൽ പദ്ധതി. കെപിസിസി പ്രസിഡൻറിനും പ്രതിപക്ഷ നേതാവിനും മുകളിലോട്ട് തുപ്പിക്കൊണ്ട് കളിക്കാം. തുപ്പൽ മറ്റുള്ളവരുടെ ദേഹത്താകരുത്. അന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടിയും കെപിസിസി പ്രസിഡൻറ് രമേശ് ചെന്നിത്തലയുമായിരുന്നു നേതൃസ്ഥാനത്ത്.

തങ്ങളുടെ കാലത്താണ് കെ റെയിൽ പദ്ധതി ആരംഭിച്ചതെന്ന കാരണത്താൽ അവർ രണ്ട് പേരും ഇപ്പോൾ മൗനത്തിലാണ്. മുകളിലോട്ട് തുപ്പിക്കളിക്കാൻ ഇവർ രണ്ടുപേരും ഇതുവരെ മുന്നോട്ടുവന്നിട്ടില്ല. അങ്ങനെയായാൽ ജനങ്ങളിൽ നിന്നും യുഡിഎഫ് അണികളിൽ നിന്നും ഒറ്റപ്പെടുമെന്ന് അവർക്കറിയാം.

അതിവേഗ റെയിൽ പദ്ധതി യുഡിഎഫ് വിഭാവനം ചെയ്തിരുന്നതാണെന്ന തെളിവുകൾ ഇതിനകം പുറത്തുവന്നു. ഇനിമുതൽ കല്ല് പറിക്കാൻ അതുകൊണ്ട് തന്നെ സ്വന്തം അണികളെ കിട്ടുക എളുപ്പമല്ല. കെപിസിസി പ്രസിഡൻറ് സർവേ കല്ല് പിഴുതെറിയാൻ ഗുണ്ടാ സംഘങ്ങളെ ഏൽപ്പിച്ചിരിക്കുന്നതിൻറെ കാരണവും മറ്റൊന്നല്ല.

സുധാകരസതീശ കോൺഗ്രസ് സംഘം കെറെയിലിനെതിരായി നടത്തിക്കൊണ്ടിരിക്കുന്ന സമരം ഉമ്മൻചാണ്ടി ചെന്നിത്തല കൂട്ട് കെട്ടിനെതിരാണെന്നതും പകൽ പോലെ വ്യക്തമാണ്. വികസന തൽപ്പരരായ ജനങ്ങൾ സിൽവർ ലൈൻ റെയിൽ പദ്ധതിക്ക് എതിരല്ല. സിൽവർ ലൈൻ അടക്കമുള്ള പദ്ധതികളിലൂടെ കേരളം മികച്ച പശ്ചാത്തലമുള്ള സംസ്ഥാനമാക്കി മാറ്റുകയാണ് എൽഡിഎഫിൻറെ ലക്ഷ്യം.

ഇക്കാര്യം 2021 ലെ മാനിഫെസ്റ്റോവിലൂടെ വ്യക്തമാക്കിയതാണ്. ഈ മാനിഫെസ്റ്റോവിനെ ജനങ്ങൾ പിന്തുണച്ചതു കൊണ്ടാണ് 99 സീറ്റോടെ വീണ്ടും അധികാരത്തിൽ വരാൻ എൽഡിഎഫിന് സാധിച്ചത്. വോട്ട് ചെയ്ത ജനങ്ങളെ വഞ്ചിക്കാൻ എൽഡിഎഫിന് സാധിക്കില്ല. തെരഞ്ഞെടുപ്പ് വാഗ്ദാനം നടപ്പാക്കുക തന്നെ ചെയ്യുമെന്നും ജയരാജൻ കൂട്ടിച്ചേർത്തു.



# വികസന കോർപറേഷൻ അധ്യക്ഷയായി ചുമതലയേറ്റു

തിരുവനന്തപുരം: സംസ്ഥാന വനിതാ വികസന കോർപറേഷൻ ചെയർപേഴ്സണായി കെ.സി. റോസക്കുട്ടി ചുമതലയേറ്റു. വനിതകളുടെ ഉന്നമനത്തിന് മുഖ്യപരിഗണന നൽകിയുള്ള വികസന പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പാക്കുകയാണ് ലക്ഷ്യമെന്ന് അവർ പറഞ്ഞു. ഭിന്നലിംഗക്കാരെയും സിംഗിൾ മദർ തുടങ്ങിയവരേയും സമൂഹത്തിൻറെ മുഖ്യധാരയിൽ കൊണ്ടു വരികയാണ് ലക്ഷ്യം. കഴിഞ്ഞ അഞ്ച് വർഷത്തിനിടയൽ 600 കോടിയോളം രൂപയാണ് വനിതാ വികസന കോർപറേഷൻ വഴി വിവിധ പദ്ധതികൾക്കായി നൽകിയത്. തുടർ പദ്ധതികൾക്ക് കൂടുതൽ പ്രധാന്യം നൽകുമെന്നും ചെയർപേഴ്സൺ പറഞ്ഞു

# അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ അന്തിമഘട്ടത്തിലേക്ക്: മന്ത്രി

അഞ്ചുവർഷം കൊണ്ട് സംസ്ഥാനത്ത് അതിദാരിദ്ര്യം ഇല്ലാതാക്കുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി സാമൂഹിക പങ്കാളിത്തത്തോടെ നടപ്പിലാക്കുന്ന അതി ദരിദ്രരെ കണ്ടെത്തുന്നതിനുള്ള നിർണ്ണയ പ്രക്രിയ അന്തിമ ഘട്ടത്തിലേക്ക് കടന്നതായി തദ്ദേശ സ്വയംഭരണ, എക്സൈസ് വകുപ്പ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു.

സംസ്ഥാനത്ത് 98 ശതമാനം ഫോക്കസ് ഗ്രൂപ്പ് ചർച്ചകൾ പൂർത്തിയാക്കി കഴിഞ്ഞു. സംസ്ഥാനത്താകെ 59,852 ഫോക്കസ് ഗ്രൂപ്പ് ചർച്ചകളിലൂടെ 82,422 പേരെ അതിദരിദ്രരുടെ സാധ്യത പട്ടികയിൽ ഉൾപ്പെടുത്തുകയും അതിൽ 77,847 പേരെ മൊബൈൽ അപ്ലിക്കേഷനിൽ പ്രീ എന്യുമെറേഷന് വിധേയമാക്കി. 68,617 പേരുടെ ഫീൽഡ് തല വിവരശേഖരണവും പൂർത്തിയാക്കി. ഫോക്കസ് ഗ്രൂപ്പ് ചർച്ചകളും, പ്രീ എന്യുമറേഷനും, എന്യുമറേഷനും പൂർത്തിയാക്കിയ തദ്ദേശ സ്ഥാപനങ്ങളിൽ 7,513 സൂപ്പർ ചെക്കും പൂർത്തിയാക്കിയെന്ന് മന്ത്രി പറഞ്ഞു.

നടപടിക്രമങ്ങളെല്ലാം പൂർത്തിയാക്കിയ തദ്ദേശസ്ഥാപനങ്ങൾ കരട് പട്ടിക പ്രസിദ്ധീകരിച്ചു.

ഇത് ഗ്രാമസഭകളിൽ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കോട്ടയം, തൃശൂർ ജില്ലകളിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയുടെ കരട് പട്ടികയുടെ അംഗീകാരത്തിനായി ഗ്രാമസഭകൾ ചേർന്നുകൊണ്ടിരിക്കുകയാണെന്ന് മന്ത്രി വ്യക്തമാക്കി.

# നവജാതശിശുവിനെ തട്ടിയെടുക്കൽ: നീതു ഒടുവിൽ സത്യം പറഞ്ഞു



ഗാന്ധിനഗർ: കോട്ടയം മെഡിക്കൽ കോളജ് ആശുപത്രിയിൽനിന്നു നവജാത ശിശുവിനെ തട്ടിയെടുത്ത സംഭവത്തിൽ പലതവണ മൊഴി മാറ്റി പോലീസിനെ വട്ടംകറക്കിയ പ്രതി നീതു ഒടുവിൽ സത്യം തുറന്നു പറ!ഞ്ഞു.

കുഞ്ഞിനെ വില്പന നടത്തി പണമുണ്ടാക്കി സാന്പത്തിക ബാധ്യത തീർക്കാനല്ല. മറിച്ചു സുഹൃത്തിനൊപ്പം ജീവിക്കാനുള്ള സാഹചര്യമൊരുക്കാനാണ് കുഞ്ഞിനെ തട്ടിയെടുത്തതെന്നാണ് ഒടുവിൽ സമ്മതിച്ചിരിക്കുന്നത്. തിരുവല്ല സ്വദേശി കളമശേരിയിൽ വാടകയ്ക്കു താമസിക്കുന്ന നീതുവാണ് കുഞ്ഞിനെ തട്ടിയെടുത്തത്.

വണ്ടിപ്പെരിയാർ 66ാം മൈൽ വലിയതറയിൽ എസ് ശ്രീജിത്ത് അശ്വതി ദന്പതികളുടെ പെൺകുഞ്ഞിനെ ഇന്നലെ ഉച്ചകഴിഞ്ഞു നഴ്സിൻറെ വേഷം ധരിച്ച് എത്തിയ നീതു തട്ടിയെടുത്തത്. നീതുവിൻറെ ഭർത്താവ് വിദേശത്താണ്. നീതുവിൻറെ സുഹൃത്ത് കളമശേരി സ്വദേശി ഇബ്രാഹിം ബാദുഷ (30)യെ പോലീസ് ഇന്നലെ തന്നെ കോട്ടയത്ത് എത്തിച്ചിരുന്നു.

വിശദമായി ചോദ്യം ചെയതതിൽനിന്നും ഇയാൾക്കു സംഭവവുമായി ബന്ധമില്ലന്നു പോലീസ് പറഞ്ഞു. പിടികൂടി ആദ്യം ചോദ്യം ചെയ്തപ്പോൾ കുഞ്ഞിനെ വിറ്റ് സാന്പത്തിക ബാധ്യത തീർക്കുകയായിരുന്നു ലക്ഷ്യമെന്നാണ് യുവതി പോലീസിനോടു പറഞ്ഞത്. എന്നാൽ, പോലീസ് നടത്തിയ അന്വേഷണത്തിൽ ഈ മൊഴി കളവാണെന്നു ബോധ്യപ്പെട്ടു.

ഇതിനു പിന്നാലെ നടന്ന ചോദ്യം ചെയ്യലിലാണ് സംഭവത്തിൻറെ യഥാർഥ വസ്തുത പുറത്തുവന്നത്. നല്ല സാന്പത്തിക നിലയിൽ ജീവിക്കുന്നയാളാണ് നീതു. ജോലിയുമായി ബന്ധപ്പെട്ടു ബാദുഷായുമായി പരിചയത്തിലായതോടെ നീതുവും ഇബ്രാഹിം ബാദുഷായും ഒരുമിച്ചാണ് കഴിയുന്നത്.

ബാദുഷായിൽനിന്നു നീതു ഗർഭിണിയാവുകയും പീന്നിട് ഗർഭം അലസിപ്പോവുകയും ചെയ്തു. നാളുകൾക്കുശേഷം നീതു വീണ്ടും ഗർഭിണിയായി. ഈ വിവരം സുഹൃത്തിനോടും ഭർത്താവിനോടും പറഞ്ഞു. സുഹൃത്തിനോടു സുഹൃത്തിൽനിന്നാണ് ഗർഭിണി ആയതെന്നും ഭർത്താവിനോട് ഭർത്താവിൽനിന്നാണ് ഗർഭിണി ആയതെന്നുമാണ് പറഞ്ഞിരുന്നത്. ഭർത്താവ് ഇടയ്ക്കിടെ നാട്ടിൽ എത്തുന്ന ആളായതിനാൽ ഇക്കാര്യത്തിൽ സംശയവും തോന്നിയില്ല.

എന്നാൽ, രണ്ടാമതും ഗർഭം അലസിപ്പോയി. ഈ വിവരം ഭർത്താവിനോടു മാത്രമേ പറഞ്ഞിരുന്നുള്ളു. സുഹൃത്തിനോടു പറഞ്ഞില്ല. പിന്നിട് ഇവർ നാളുകളായി സുഹൃത്തിനെ നേരിൽ കാണാൻ കൂട്ടാക്കിയിരുന്നില്ല. മറിച്ചു ഫോണിൽ മാത്രമേ ബന്ധപ്പെട്ടിരുന്നുള്ളു.

കഴിഞ്ഞ ദിവസം പ്രസവത്തിനായി കോട്ടയം മെഡിക്കൽ കോളജിൽ അഡ്മിറ്റാണെന്നും സുഹൃത്തിനെ അറിയിച്ചിരുന്നു. ഇന്നലെ കുഞ്ഞിനെ തട്ടിയെടുത്ത ഉടൻ താൻ പ്രസവിച്ച കുഞ്ഞാണിതെന്നു കാണിച്ചു വാട്സ് ആപ്പിൽ കുട്ടിയുടെ ഫോട്ടോ സുഹൃത്തിനും ഇയാളുടെ സഹോദരിക്കും അയച്ചു കൊടുത്തിരുന്നു. ഈ കുഞ്ഞുമായി ബാദുഷയ്ക്കൊപ്പം ജീവിക്കുകയായിരുന്നു നീതുവിൻറെ ലക്ഷ്യമെന്നും പോലീസ് പറഞ്ഞു.

അതേസമയം, സുഹൃത്തിൻറെ വിവാഹം തടയുന്നതിനു വേണ്ടിയും ഇയാളെ ബ്ലാക്ക് മെയിൽ ചെയ്യുന്നതിനു വേണ്ടിയുമാണ് നീതു കുഞ്ഞിനെ തട്ടിയെടുത്തെന്നും പറയപ്പെടുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം വിശദമായി അന്വേഷിച്ചു വരികയാണെന്നു പോലീസ് പറഞ്ഞു.

നീതുവിൻറെ പക്കൽനിന്നു പിടിച്ചെടുത്ത രണ്ടു മൊബൈൽ ഫോണുകൾ പോലീസ് പരിശോധനയ്ക്കായി സൈബർ സെല്ലിനു കൈമാറിയിരിക്കുകയാണ്. ഗാന്ധിനഗർ എസ്ഐ ടി.എസ്. റെനീഷിൻറെ നേതൃത്വത്തിലാണ് പോലീസ് കുഞ്ഞിനെ കണ്ടെത്തി അമ്മയ്ക്കു കൈമാറിയത്.

ദീർഘ നാളത്തെ ആസൂത്രണത്തിനൊടുവിലാണ് ഇന്നലെ നീതു പ്രസവ വാർഡിൽനിന്നു കുഞ്ഞിനെ തട്ടിയെടുത്തത്. കുഞ്ഞിനെ തട്ടിയെടുക്കാനായി കഴിഞ്ഞ ഏതാനും മാസങ്ങളായി പദ്ധതി തയാറാക്കി വരികയായിരുന്നു. ഇതിനായി നീതു പലപ്പോഴും കോട്ടയം മെഡിക്കൽ കോളജിൽ എത്തി കാര്യങ്ങൾ വീക്ഷിക്കുകയും പരിസരം നിരീക്ഷിച്ചു മടങ്ങുകയും ചെയ്തിരുന്നു.

സുഹൃത്തിനോടു പറഞ്ഞിരുന്ന പ്രസവ തീയതി അടുത്തതോടെ അടുപ്പിച്ചടുപ്പിച്ചു മെഡിക്കൽ കോളജിൽ എത്തിത്തുടങ്ങി. ഇതിനായി കഴിഞ്ഞു മൂന്നു ദിവസമായി നീതു മെഡിക്കൽ കോളജിനു സമീപത്തെ ഹോട്ടലിൽ മുറിയെടുത്തു താമസിക്കുകയായിരുന്നു. കുഞ്ഞിനു സുഖമില്ലാത്തതിനാൽ ചികിത്സയ്ക്ക് എത്തിയതെന്നാണ് ഇവരോടു പറഞ്ഞിരുന്നത്.

കഴിഞ്ഞ രണ്ടു മൂന്നു ദിവസമായി നഴ്സിംഗ് കോട്ട് ധരിച്ചു കുട്ടിയുമായി ഇവർ ആശുപത്രി വരാന്തയിലൂടെ പോകുന്നതു പലരും ശ്രദ്ധിച്ചിരുന്നു. ഇന്നലെ പ്രസവ വാർഡിലെത്തിയ നീതു, കുട്ടിക്കു മഞ്ഞ നിറമുണ്ടെന്നും കുട്ടികളുടെ തീവ്രപരിചരണ വിഭാഗത്തിൽ കാണിക്കണമെന്നും വിശ്വസിപ്പിച്ചായിരുന്നു കുട്ടിയെ ശ്രീജിത്തിൻറെ അമ്മ ഉഷയുടെ കൈയിൽ നിന്ന് എടുത്തു കൊണ്ടുപോയത്.

ഏറെനേരം കഴിഞ്ഞിട്ടും കുഞ്ഞിനെ കാണാതായതോടെ ഉഷയും അശ്വതിയും നഴ്സിംഗ് സ്റ്റേഷനിലെത്തി കുട്ടിയെ തിരക്കി. എന്നാൽ നഴ്സുമാരാരും കുഞ്ഞിനെ ആവശ്യപ്പെട്ടു ചെന്നിട്ടില്ലെന്ന വിവരമാണ് ലഭിച്ചത്. ഇതോടെ പരിഭ്രാന്തരായ കുഞ്ഞിൻറെ അമ്മയും ബന്ധുക്കളും ബഹളം വയ്ക്കുകയും പോലീസിൽ വിവരം അറിയിക്കുകയുമായിരുന്നു.

# തെരഞ്ഞെടുപ്പ്: ഒമിക്രോൺ ആശങ്കയില്ലെന്ന് പറഞ്ഞിട്ടില്ലെന്ന് ആരോഗ്യമന്ത്രാലയം

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് നടക്കാനിരിക്കുന്ന സംസ്ഥാനങ്ങളിൽ ഒമിക്രോൺ ആശങ്കയില്ലെന്ന നിലപാട് എടുത്തിട്ടില്ലെന്ന് കേന്ദ്രആരോഗ്യ മന്ത്രാലയം. കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷനോട് ഇത്തരം ഒരു നിലപാട് അറിയിച്ചിട്ടില്ലെന്നും ആശങ്കപ്പെടേണ്ട സാഹചര്യമില്ലെന്ന നിലപാടാണ് മന്ത്രാലയത്തിൻറേതെന്ന റിപ്പോർട്ടുകൾ സത്യവിരുദ്ധമാണെന്നും ആരോഗ്യമന്ത്രാലയം വിശദീകരിച്ചു.

മഹാമാരിക്കിടെ വ്യാജ പ്രചാരണം നടക്കുകയാണെന്നും ആരോഗ്യ മന്ത്രാലയം കുറ്റപ്പെടുത്തി. അഞ്ച് സംസ്ഥാനങ്ങളിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടത്തുന്നതിൽ കേന്ദ്ര തെരഞ്ഞെടുപ്പ് കമ്മീഷൻ ആരോഗ്യമന്ത്രാലയം അധികൃതരിൽ നിന്നും അഭിപ്രായം തേടിയിരുന്നു.

നിയമസഭാ തെരഞ്ഞെടുപ്പ് നടത്തുന്നതിന് ആരോഗ്യമന്ത്രാലയം പച്ചക്കൊടി കാണിച്ചെന്ന തരത്തിൽ ചില ദേശീയ മാധ്യമങ്ങളിൽ വാർത്ത വന്ന സാഹചര്യത്തിൽ ഇക്കാര്യത്തിൽ വിശദീകരണവുമായി ആരോഗ്യമന്ത്രാലയം രംഗത്ത് എത്തിയത്.

# പഞ്ചാബിലെ സുരക്ഷാവീഴ്ച; അന്വേഷണം നിർത്തിവയ്ക്കാൻ സുപ്രീംകോടതി നിർദേശം

ന്യൂഡൽഹി: പഞ്ചാബിൽ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കുണ്ടായ സുരക്ഷാവീഴ്ചയുമായി ബന്ധപ്പെട്ട് കേന്ദ്ര, സംസ്ഥാന സർക്കാരുകൾ നടത്തുന്ന അന്വേഷണങ്ങൾ നിർത്തിവയ്ക്കാൻ സുപ്രീംകോടതി ഉത്തരവ്.

അന്വേഷണ നടപടികൾ തിങ്കളാഴ്ചവരെ മരവിപ്പിക്കാനാണ് ചീഫ് ജസ്റ്റീസ് എൻ.വി. രമണ അധ്യക്ഷനായ ബെഞ്ചിൻറെ നിർദേശം. സംഭവത്തിൽ സ്വതന്ത്ര അന്വേഷണം വേണമെന്ന ഹർജി പരിഗണിച്ചാണ് കോടതി ഉത്തരവ്.

പ്രധാനമന്ത്രിയുടെ പഞ്ചാബ് സന്ദർശനവുമായി ബന്ധപ്പെട്ട രേഖകൾ ശേഖരിക്കാൻ ചണ്ഡിഗഢ് ഹൈക്കോടതി രജിസ്ട്രാർ ജനറലിന് കോടതി നിർദേശം നൽകി. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ രജിസ്ട്രാർ ജനറലുമായി സഹകരിക്കണമെന്നും കോടതി അറിയിച്ചു.

അതേസമയം,കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ അന്വേഷണ നടപടികൾ നിർത്തിവയ്ക്കുന്നത് ഉത്തരവായി ഇറക്കണമെന്ന് പഞ്ചാബ് എജി ഡി.എസ്. പടാലിയ ആവശ്യപ്പെട്ടു.

# ബസിൽ പ്രകോപനവുമില്ലാതെ കത്തിയെടുത്തു ശരീരത്തിൽ വരഞ്ഞ് മുറിവേൽപ്പിച്ചു'

തുറവൂർ: ഓടിക്കൊണ്ടിരുന്ന സ്വകാര്യ ബസിനുള്ളിൽ യുവാവിനെ രണ്ടംഗ സംഘം മൂർച്ചയേറിയ കത്തികൊണ്ടു വരഞ്ഞു പരിക്കേൽപ്പിച്ചതായി പരാതി. തുറവൂർ വളമംഗലം തെക്ക് പുല്ലംപ്ലാവിൽ വീട്ടിൽ മണിയപ്പൻ പിള്ളയുടെ മകൻ ഗോപകുമാറി(19)നാണ് പരിക്കേറ്റത്.

കഴുത്തിനും നെഞ്ചിനും കൈയ്ക്കും ഗുരുതര പരിക്കേറ്റ ഗോപകുമാറിനെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ദേശീയപാതയിൽ പൊന്നാം വെളി ജംഗ്ഷനു സമീപം ഇന്നലെ ഉച്ചകഴിഞ്ഞ് 2.30ന് ആയിരുന്നു സംഭവം.

ചേർത്തലയിൽനിന്ന് എറണാകുളത്തേക്കു പോകുകയായിരുന്ന 'ശിവപാർവതി ' സ്വകാര്യ ബസിൽ സീറ്റിലിരുന്ന് യാത്ര ചെയ്യുകയായിരുന്ന ഗോപകുമാറിനെയാണ് പിൻസീറ്റിലിരുന്ന രണ്ട് പേർ ആക്രമിച്ചത്.

മുൻ പരിചയമില്ലാത്ത ഇവർ യാതൊരു പ്രകോപനവുമില്ലാതെ കൈയിലുണ്ടായിരുന്ന കത്തിയെടുത്തു ശരീരത്തിൽ വരഞ്ഞ് മുറിവേൽപ്പിക്കുകയായിരുന്നുവെന്നാണ് ഗോപകുമാർ പട്ടണക്കാട് പൊലീസിൽ നൽകിയ മൊഴിയിൽ പറയുന്നത്.

നെഞ്ചിൽ ആഴത്തിലുള്ള മുറിവേറ്റു. യാത്രക്കാർ ബഹളം വച്ചതിനെത്തുടർന്നു ബസ് നിർത്തിയപ്പോൾ അക്രമികൾ ഓടി രക്ഷപ്പെട്ടു. ഇവരുടെ കൈയിൽ മദ്യക്കുപ്പിയുമുണ്ടായിരുന്നതായി ബസിലുണ്ടായിരുന്ന യാത്രക്കാർ പറഞ്ഞു. പട്ടണക്കാട് പൊലീസ് കേസെടുത്തു. അന്വേഷണം ആരംഭിച്ചു.

# ഭൂമി ഏറ്റെടുക്കാം; സിൽവർലൈനെ അനുകൂലിച്ച് കേന്ദ്രസർക്കാർ

ന്യൂഡൽഹി: സിൽവർ ലൈൻ പദ്ധതിക്കു വേണ്ടി സംസ്ഥാന സർക്കാരിന് ഭൂമി ഏറ്റെടുക്കാമെന്ന് കേന്ദ്രം ഹൈക്കോടതിയിൽ. സിൽവർലൈൻ പ്രത്യേക പദ്ധതിയല്ലെന്നും 2013ലെ ഭൂമി ഏറ്റെടുക്കൽ നിയമം അനുസരിച്ച് ഭൂമി ഏറ്റെടുക്കാമെന്നും കേന്ദ്രം അറിയിച്ചു.

റെയിൽവേ സ്റ്റാൻഡിംഗ് കൗൺസിലാണ് ഇക്കാര്യം കോടതിയെ അറിയിച്ചത്. പദ്ധതിക്ക് നൽകിയിട്ടുള്ളത് പ്രാഥമിക അനുമതിയാണെന്നും റെയിൽവേ വ്യക്തമാക്കി.

സിൽവർ ലൈനിനു വേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിനെ ചോദ്യം ചെയ്തുള്ള ഹർജിയിലാണ് റെയിൽവേ നിലപാട് അറിയിച്ചത്. സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സർക്കാർ വിജ്ഞാപനം നിയമ വിരുദ്ധമാണെന്ന് ആരോപിച്ചാണ് ഹൈക്കോടതി ഹർജി നൽകിയത്.

# നാരി ശക്തി പുരസ്കാരം2021നായി വനിതാ ശിശു വികസന മന്ത്രാലയം നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു

2021 ലെ നാരി ശക്തി പുരസ്കാരങ്ങൾക്കായി വനിതാ ശിശു വികസന മന്ത്രാലയം നാമനിർദ്ദേശങ്ങൾ ക്ഷണിച്ചു. ഓൺലൈനായി മാത്രമേ നാമനിർദ്ദേശങ്ങൾ സ്വീകരിക്കുകയുള്ളൂ. 2022 ജനുവരി 31 വരെ ംംം.മംമൃറ.ഴീ.ശി എന്ന പോർട്ടലിൽ നാമനിർദ്ദേശങ്ങൾ ഫയൽ ചെയ്യാം.

സ്ത്രീകളുടെ, പ്രത്യേകിച്ച് ദുർബലരും പാർശ്വവൽക്കരിക്കപ്പെട്ടവരുമായ സ്ത്രീകളുടെ സാമ്പത്തികവും സാമൂഹികവുമായ ശാക്തീകരണത്തിനായുള്ള മികച്ച പ്രവർത്തനങ്ങൾക്കാണ് അവാർഡുകൾ നൽകുന്നത്. അന്താരാഷ്ട്ര വനിതാ ദിനമായ 2022 മാർച്ച് 8ന് വനിതാ ശിശു വികസന മന്ത്രാലയം നാരി ശക്തി പുരസ്കാരം2021 സമ്മാനിക്കും.

നാരി ശക്തി പുരസ്കാരത്തിനുള്ള യോഗ്യതാ മാനദണ്ഡങ്ങളും മറ്റ് വിശദാംശങ്ങളും വഹേേ://ംരറ.ിശര.ശി/മരലേ/ഴൗശറലഹശിലിമൃശവെമസശേുൗമസെമൃ2021ീംമൃറെ എന്ന ലിങ്കിൽ ലഭ്യമാണ്.

ഓരോ അവാർഡ് ജേതാവിനും സർട്ടിഫിക്കറ്റും രണ്ട് ലക്ഷം രൂപയും അടങ്ങുന്നതാണ് അവാർഡ്.

വ്യക്തികളെയോ സ്ഥാപനങ്ങളെയോ അവാർഡുകൾക്കായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. അവാർഡുകളുടെ പരമാവധി എണ്ണം (വ്യക്തികളും സ്ഥാപനങ്ങളും ഉൾപ്പെടെ) 15 വരെ ആകാം. എന്നിരുന്നാലും, വനിതാശിശു വികസന മന്ത്രി അധ്യക്ഷയായ തിരഞ്ഞെടുപ്പ് സമിതിയുടെ വിവേചനാധികാരത്തിൽ ഈ പരമാവധി സംഖ്യയിൽ ഇളവ് അനുവദിക്കാവുന്നതാണ്. ഒരു വ്യക്തി സ്വയം സമർപ്പിക്കുന്ന നാമനിർദേശവും അവാർഡുകൾക്കുള്ള ശുപാർശകളും പരിഗണിക്കപ്പെടും. തിരഞ്ഞെടുപ്പ് സമിതിക്ക് സ്വമേധയാ, മതിയായ ന്യായീകരണത്തോടെ അവാർഡിനായി ഒരു വ്യക്തിയെ/സ്ഥാപനത്തെ ശുപാർശ ചെയ്യാനും ആകും.

മന്ത്രാലയത്തിലെ ജോയിന്റ് സെക്രട്ടറി തല ഓഫീസറുടെ നേതൃത്വത്തിലുള്ള ഒരു സ്ക്രീനിംഗ് കമ്മിറ്റി നാമനിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ചുരുക്കപ്പട്ടിക തയ്യാറാക്കുകയും ചെയ്യും. സ്ക്രീനിംഗ് കമ്മിറ്റിയുടെ ശുപാർശകളുടെ അടിസ്ഥാനത്തിൽ തിരഞ്ഞെടുപ്പ് സമിതിയായിരിക്കും അന്തിമ തീരുമാനം എടുക്കുന്നത്.

# കലാപം: കസാഖ്സ്ഥാനിൽ അടിയന്തരാവസ്ഥ

നൂർസുൽത്താൻ: ഉയർന്ന ഇന്ധനവിലയിൽ പ്രതിഷേധിച്ച് രണ്ടു ദിവസമായി കസാഖ്സ്ഥാനിൽ നടക്കുന്ന പ്രതിഷേധം കലാപമായി മാറി. പ്രധാന നഗരമായ അൽമാട്ടിയിൽ പ്രതിഷേധക്കാർ മേയറുടെ ഓഫീസിലേക്ക് ഇരച്ചുകയറി.

ആ!യിരക്കണക്കിനാളുകൾ ഭരണകൂടത്തിനെതിരേ പ്രതിഷേധിച്ച് തെരുവിലിറങ്ങി. ഇന്ധനവില കുറയ്ക്കുമെന്നു ചൊവ്വാഴ്ച പ്രസിഡൻറ് കാസിം ജോമാർട് ടൊകയേവ് പ്രഖ്യാപിച്ചിരുന്നെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചില്ല. ഇതേത്തുടർന്നാണ് കലാപം പൊട്ടിപ്പുറപ്പെട്ടത്. അൽമാട്ടിയിലും രാജ്യതലസ്ഥാനമായ നൂർസുൽത്താനിലും പടിഞ്ഞാറൻ പ്രവിശ്യയായ മൻഗിസൗവിലും പ്രസിഡൻറ് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു.

ഇതിനിടെ, ഉപപ്രധാനമന്ത്രി അലിഖാൻ സമിലോവിനെ ഇടക്കാല പ്രധാനമന്ത്രിയായി പ്രഖ്യാപിച്ചു. ഇന്ധനവിലവർധനയ്ക്കെതിരേ ഞായറാഴ്ചയാണു രാജ്യത്ത് പരസ്യപ്രതിഷേധം ആരംഭിച്ചത്. മൻഗിസൗ പ്രവിശ്യയിലെ സനോസീൻ, അക്തൗ നഗരങ്ങളിൽ ആരംഭിച്ച പ്രതിഷേധം അൽമാട്ടിയിലേക്ക് വ്യാപിക്കുകയായിരുന്നു.

തിങ്കളാഴ്ച പ്രതിഷേധക്കാർക്കു നേരേ പോലീസ് കണ്ണീർവാതകവും സ്റ്റൺ ഗ്രനേഡും പ്രയോഗിച്ചു. ചൊവ്വാഴ്ച നഗരത്തിലേക്കു കൂടുതൽ പ്രതിഷേധക്കാർ എത്തുകയും പ്രധാന ചത്വരം കൈയടക്കുകയും ചെയ്തു. പ്രതിഷേധക്കാർ സാധാരണക്കാർക്കു നേരേ ആക്രമണം നടത്തിയതായും വ്യാപാര സ്ഥാപനങ്ങൾ നശിപ്പിച്ചതായും പോലീസ് അറിയിച്ചു.

എന്നാൽ, എണ്ണസന്പന്നമായ രാജ്യത്ത് സാധാരണക്കാരെ ബാധിക്കുന്ന രീതിയിൽ ഇന്ധനവില വർധിപ്പിച്ചതാണു പ്രതിഷേധത്തിനു കാരണമെന്ന് ബിബിസി റിപ്പോർട്ട് ചെയ്തു. എൽപിജി ഇന്ധനമാണ് കസാഖ്സ്ഥാനിൽ സാധാരണക്കാർ വാഹനങ്ങളിൽ ഉപയോഗിക്കുന്നത്. ഇന്ധനവില വർധന വിലക്കയറ്റത്തിനു കാരണമാകുമെന്നതിനാലാണു പ്രതിഷേധം പൊട്ടിപ്പുറപ്പെട്ടത്. എൽപിജി വില കുറയ്ക്കുമെന്ന് പ്രസിഡൻറ് ചൊവ്വാഴ്ച പ്രഖ്യാപിച്ചിരുന്നെങ്കിലും വാക്കു പാലിച്ചില്ല. ആഭ്യന്തര, അന്താരാഷ്ട്ര ഗൂഢാലോചനയുടെ ഭാഗമാണു കലാപമെന്ന് പ്രസിഡൻറ് പറഞ്ഞു. 200 കലാപകാരികളെ അറസ്റ്റ് ചെയ്തതായും 95 പോലീസുകാർക്കു പരിക്കേറ്റതായും അധികൃതർ അറിയിച്ചു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.